For Private Circulation Only

August 2024

ആത്മാമൃതം

HOLY BIBLE

Vol.71

"ആകയാൽ നിങ്ങൾ കർത്താവായ യേശുക്രിസ്തുവിനെ കൈക്കൊണ്ടതുപോലെ ..... നടപ്പിൻ" (കൊലൊ. 2:6)

No.8

ആത്മാവിനും ഉണർവ്വിനും വേണ്ടിയുള്ള പ്രാർത്ഥന

By R.A.Torrey

"പ്രാർത്ഥനയാലും യാചനയാലും ഏതു നേരത്തും ആത്മാവിൽ പ്രാർത്ഥിച്ചും അതിനായി ജാഗരിച്ചും കൊണ്ട് സകല വിശുദ്ധന്മാർക്കും എനിക്കും വേണ്ടി പ്രാർത്ഥനയിൽ പൂർണ്ണ സ്ഥിരത കാണിപ്പിൻ" (എഫെ. 6:18).

മൂന്നു വാക്കുകളിലേക്ക് നിങ്ങളുടെ ശ്രദ്ധയെ ഞാൻ ക്ഷണിക്കുന്നു, "ആത്മാവിൽ". യൂദായുടെ ലേഖനം 20, 21 വാക്യങ്ങളിൽ ഇതേ ചിന്ത നമുക്കു കാണാം. "പ്രിയമുള്ളവരേ, നിങ്ങളുടെ അതിവിശുദ്ധ വിശ്വാസത്തെ ആധാരമാക്കി നിങ്ങൾക്കു തന്നെ ആത്മികവർദ്ധന വരുത്തിയും പരിശുദ്ധാത്മാവിൽ പ്രാർത്ഥിച്ചും നിത്യജീവനായിട്ടും നമ്മുടെ കർത്താവായയേശുക്രിസ്തുവിന്റെ കരുണയ്ക്കായി കാത്തിരുന്നും കൊണ്ട് ദൈവസ്നേഹത്തിൽ നിങ്ങളെത്തന്നെ സൂക്ഷിച്ചുകൊൾവിൻ" (യൂദാ. 20,21). ഈ വാക്യങ്ങളിൽ പോരാടി പ്രാർത്ഥിക്കുന്നതിന്റെ രഹസ്യങ്ങളെ കാണാൻ കഴിയും. പോരാടി പ്രാർത്ഥിക്കുന്നതിന്റെ രണ്ട് രഹസ്യങ്ങൾ യോഹ. 14:13,14 വാക്യങ്ങളിൽ കർത്താവായ യേശുവിന്റെ വാക്കുകളിൽ നമുക്കു കാണാം, "നിങ്ങൾ എന്റെ നാമത്തിൽ അപേക്ഷിക്കുന്നതൊക്കെയും പിതാവ് പുത്രനിൽ മഹത്വപ്പെടേണ്ടതിന് ഞാൻ ചെയ്തുതരും. നിങ്ങൾ എന്റെ നാമത്തിൽ അപേക്ഷിക്കുന്നതൊക്കെയും ഞാൻ ചെയ്തു തരും". "കർത്താവായ യേശുവിന്റെ നാമത്തിലുള്ള പ്രാർത്ഥന. പരിശുദ്ധാത്മാവാൽ പ്രാർത്ഥന" –

പോരാടി പ്രാർത്ഥിപ്പാനുള്ള രണ്ട് രഹസ്യങ്ങൾ.

എന്റെ നാമത്തിൽ ആരെങ്കിലും എന്നോട് ചോദിക്കുഎങ്കിൽ, "അതാണ് വിശുദ്ധജീവിതത്തിന് വേണ്ടിയുള്ള മഹത്തായ രഹസ്യം" ഉടനെ പറയുന്നു, "പരിശുദ്ധാത്മാവിൽ ജീവിക്കുന്ന അനുഭവം". ആരെങ്കിലും എന്നോടു ചോദിച്ചാൽ, "കർത്താവായ യേശുവിനു വേണ്ടിയുള്ള മഹത്തായ സേവയിൽ സേവ ചെയ്യുക". ആരെങ്കിലും എന്നോടു ചോദിച്ചാൽ, "വേദപുസ്തക പഠനത്തിന്റെ ഒരു രഹസ്യം ഏതാണ്"? ഞാൻ ഉത്തരം പറയും, പരിശുദ്ധാത്മാവിൽ പ്രാർത്ഥിക്കുക. എല്ലാറ്റെയും ജയിക്കുന്ന പ്രാർത്ഥന ഏത് എന്ന് ചോദിച്ചാൽ ഞാൻ പറയും, ആത്മാവിലുള്ള പ്രാർത്ഥന". ഈ പ്രാർത്ഥനയാണ്, പരിശുദ്ധാത്മാവ് വെളിപ്പെടുത്തുന്നത്, പിതാവായ ദൈവം മറുപടി നൽകുന്നു.

പരിശുദ്ധാത്മാവിൽ പ്രാർത്ഥിക്ക എന്നു പറഞ്ഞാൽ അർത്ഥമാക്കുന്നത് എന്താണ്? പരിശുദ്ധാത്മാവാൽ പ്രാർത്ഥിക്കുക എന്നു പറഞ്ഞാൽ അർത്ഥമാക്കുന്നത്, സ്ഥിര സാന്നിദ്ധ്യമായ നമ്മിൽ വസിക്കുന്ന സ്നേഹിതൻ, ആലോചനക്കാരൻ, സഹായി, മറ്റൊരു ആശ്വാസ പ്രദൻ, കർത്താവ് ലോകത്തിൽ നിന്നും കടന്നുപോകുമ്പോൾ വാഗ്ദത്തം ചെയ്ത ആശ്വാസപ്രദൻ (യോഹ. 14:15 –17, 26), കർത്താവായ യേശു നമ്മിൽ നിന്നും മാറ്റപ്പെട്ടാൽ, അവിടുത്തെ അസാന്നിദ്ധ്യത്തിൽ, നമ്മെ ബലപ്പെടുത്തി പ്രാർത്ഥനയ്ക്കായി നമ്മെ വഴി നടത്തുന്നു.

ആത്മാവിൽ പ്രാർത്ഥിക്കുന്നതിന്റെ സ്വഭാവങ്ങൾ

ആത്മാവിൽ പ്രാർത്ഥനയുടെ പ്രത്യേകതകൾ എന്ത്ണ്? ആത്മാവ് പ്രേരിപ്പിക്കുന്ന പ്രാർത്ഥനയുടെ പ്രത്യേകതകൾ എന്താണ്?

പ്രാർത്ഥനയുടെ ഒന്നാമത്തെ പ്രത്യേകത എന്നുള്ളത് ആത്മാവിന്റെ നേട്ടങ്ങളാണ്. ഇത് റോമർ 8:26-ൽ കാണുന്നു, "അവ്വണ്ണം തന്നെ ആത്മാവ് നമ്മുടെ ബലഹീനതയ്ക്ക് തുണനിൽക്കുന്നു, വേണ്ടുംപോലെ പ്രാർത്ഥിക്കേണ്ടത് എന്തെന്ന് നാം അറിയുന്നില്ലല്ലോ, ആത്മാവു തന്നെ ഉച്ചരിച്ചു കൂടാത്ത ഞരക്കങ്ങളാൽ നമുക്കവേണ്ടി പക്ഷവാദം ചെയ്യുന്നു".

നമ്മുടെ ഹൃദയത്തെ പൂർണ്ണമായി ഏല്പിച്ച് പോരാടി പ്രാർത്ഥിച്ച് ദൈവത്തോടുകൂടെ ജയം എടുക്കുക. പരിശുദ്ധാത്മാവും നമ്മുടെ പോരാട്ടത്തിൽ നമുക്കു തുണ നില്ക്കുന്നു. നമ്മുടെ അനേകം പ്രാർത്ഥനകളും സാധാരണ പ്രാർത്ഥനകളായി, തണുത്ത പ്രാർത്ഥനകളായി കാണുന്നു. ആത്മാവിൽ തീവ്രത കുറഞ്ഞവരായി കാര്യസാദ്ധ്യത്തിനായി മാത്രം നാം പ്രാർത്ഥിക്കാറുണ്ട്. നഷ്ടപ്പെട്ടവരുടെ രക്ഷയ്ക്കായി വ്യത്യാസമുള്ള പ്രാർത്ഥന ആയിരിക്കേണം, ഒഴുക്കൻ പ്രാർത്ഥനകൾ നമ്മെ നടത്തുന്നത് നിത്യ നരകത്തിലേക്കാണ് നമ്മുടെ പ്രാർത്ഥന പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിൽ ആയിരിക്കുമെങ്കിൽ, പോരാടി പ്രാർത്ഥിക്കും എങ്കിൽ ശക്തമായി ദൈവത്തോട് കരയുമെങ്കിൽ, ആത്മഭാരത്തോടെ പ്രാർത്ഥിക്കുമ്പോൾ, അവരുടെ പ്രാർത്ഥന ചില സമയങ്ങളിൽ ഉച്ചരിച്ചു കൂടാത്ത ഞരക്കങ്ങളായി തീരാറുണ്ട്.

മി.ഫിന്നി നമ്മോട് ഏബൽ ക്ലാരി എന്നൊരാളെക്കുറിച്ച് സംസാരിക്കുന്നു. അദ്ദേഹം ആ മനുഷ്യനെക്കുറിച്ച് പറയുന്നത്, "അദ്ദേഹത്തിന് പ്രസംഗിക്കുവാനുള്ള ലൈസൻസ് ഉണ്ടായിരുന്നു. ആത്മാക്കളെക്കുറിച്ചുള്ള ഭാരം തനിക്കുണ്ടായിരുന്നു, പ്രസംഗിക്കുവാനുള്ള കഴിവ് കുറവായിരുന്നു, തന്റെ സമയങ്ങളെ കൂടുതലായി പ്രാർത്ഥിക്കുവാൻ വേർതിരിച്ചു. ആത്മാക്കളെക്കുറിച്ചുള്ള ഭാരം താങ്ങുവാൻ കഴിയുന്നതിലും അധികമായിരുന്നു. അതിവേദനയോടെ ദൈവസന്നിധിയിൽ കരയുവാനും ഞരങ്ങുവാനും ഇടയായി. ഞാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. പ്രാർത്ഥനയുടെ ആത്മാവിന്റെ അത്യന്തശക്തിയെ

(ശേഷം 2-ാം പേജിൽ)

(1-ാംപേജിന്റെ തുടർച്ച)

ആത്മാവിനും ഉണർവ്വിനും വേണ്ടിയുള്ള പ്രാർത്ഥന

ക്കുറിച്ച് തനിക്ക് അറിവുണ്ടായിരുന്നു. അദ്ദേഹം ഒരു ശാന്തനായ മനുഷ്യൻ ആയിരുന്നു. ഏകദേശം എല്ലാവരും ശക്തമായ പ്രാർത്ഥനയുടെ ആത്മാവുള്ളവരായിരുന്നു. ഏബൽ ക്ലാരി മി. ഫിന്നിയുടെ ഒരു സഹായി ആയിരുന്നു, പ്രാർത്ഥനയിൽ പോരാടിയിരുന്നു, റോച്ചസ്റ്റർ, ന്യൂയോർക്ക് എന്നീ സ്ഥലങ്ങളിൽ ഉണർവ്വു പൊട്ടിപുറപ്പെട്ടപ്പോൾ ഒരു വർഷത്തിൽ ഒരു ലക്ഷം ആളുകളെ ക്രിസ്തവിങ്കവലേക്ക് നടത്തി.

അതെ, ഞങ്ങളുടെ സഭയിൽ ആളുകൾ ഉണ്ടായിരുന്നു. എങ്ങനെ പ്രാർത്ഥിക്കേണം എന്ന് അവർ അറിഞ്ഞിരുന്നു. ലോകമെമ്പാടുമുള്ള സഭകളിലെ ഇന്നത്തെ ആവശ്യം എന്നത് ആത്മാവിൽ പ്രാർത്ഥിക്ക എന്നതാണ്, തന്റെ ധനത്തിന്റെ മഹത്വത്തിന് തക്കവണ്ണം അവിടുന്ന് നൽകുന്നു, അവിടുന്ന് മാത്രം നൽകുന്നു.

ആത്മാവിൽ പ്രാർത്ഥിക്കുന്നതിന്റെ പരിണതഫലങ്ങളിൽ രണ്ടാമത്തേത് ബുദ്ധിപരമായ പ്രാർത്ഥനയാണ്. സമ്പൂർണ്ണ ജ്ഞാനമുള്ള പ്രാർത്ഥന; ചോദിക്കുന്ന കാര്യങ്ങൾ ദൈവത്തിന്റെ ഇഷ്ടപ്രകാരം പ്രാർത്ഥിക്കേണം. അതു അടുത്ത വാക്യത്തിൽ കാണുന്നു, റോമർ. 8:27, "എന്നാൽ ആത്മാവ് വിശുദ്ധന്മാർക്കു വേണ്ടി ദൈവഹിത പ്രകാരം പക്ഷവാദം ചെയ്യുന്നതുകൊണ്ട് ആത്മാവിന്റെ ചിന്ത ഇന്നതെന്ന് ഹൃദയങ്ങളെ പരിശോധിക്കുന്നവൻ അറിയുന്നു".

മൂന്നാമതായി പരിശുദ്ധാത്മാവിൽ പ്രാർത്ഥിക്കുക എന്ന് പറഞ്ഞാൽ ദൈവം എന്റെ പ്രാർത്ഥന കേട്ട് മറുപടി നൽകി എന്നുള്ള ഉറപ്പാണ്. യഥാർത്ഥമായി പരിശുദ്ധാത്മാവ് പ്രകാശിപ്പിക്കുന്ന പ്രാർത്ഥനയായി വിശ്വാസത്തിന്റെ പ്രാർത്ഥന എന്നും, ഒരുവൻ പ്രാർത്ഥിക്കുമ്പോൾ അവൻ, ദൈവഹിത പ്രകാരം പ്രാർത്ഥിക്കുന്നു എന്നും, ഒരു മറവോ സംശയമോ ഇല്ലാതെ ദൈവം എന്റെ പ്രാർത്ഥന കേട്ടു, എന്റെ പ്രാർത്ഥനയ്ക്ക് മറുപടി ലഭിച്ചു എന്നുള്ള ഉറപ്പും ആയ പ്രാർത്ഥനയാണ്.

നാലാമതായി, പരിശുദ്ധാത്മാവിൽ പ്രാർത്ഥിക്ക എന്നത്, ഞാൻ ചോദിക്കുന്ന കാര്യം ലഭിക്കും എന്ന ധൈര്യവും ഉത്തരം ലഭിക്കും വരെയും പ്രാർത്ഥിക്കും എന്ന പ്രത്യാശയും ആണ്. എഫെ. 6:18 -ൽ വായിക്കുന്നത്, "സകല പ്രാർത്ഥനയാലും യാചനയാലും ഏതു നേരത്തും ആത്മാവിൽ പ്രാർത്ഥിച്ചും അതിനായി ജാഗരിച്ചും കൊണ്ട് സകല വിശുദ്ധന്മാർക്കും എനിക്കും വേണ്ടി പ്രാർത്ഥനയിൽ പൂർണ്ണ സ്ഥിരത കാണിപ്പിൻ". എത്ര അത്ഭുതകര

(ശേഷം 7-ാം പേജിൽ)

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702, 8075696168**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: **9446590913, 9809882926**
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ., തിരുവനന്തപുരം - 695032
Mob:8589901702,**8075696168**
E-mail:bindhum1971@yahoo.in

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം.

" നിന്നെക്കാൾ വലിപ്പവും ബലമുള്ള ജാതികളെ നിന്റെ മുമ്പിൽ നിന്നു നീക്കിക്കളവാനും ഇന്നുള്ളതുപോലെ അവരുടെ ദേശത്തെ നിനക്ക് അവകാശമായി തരേണ്ടതിന് നിന്നെ കൊണ്ടുപോയാക്കുവാനും തന്റെ സാന്നിദ്ധ്യവും മഹാശക്തിയും കൊണ്ടു മിസ്രയീമിൽ നിന്നു നിന്നെ പുറപ്പെടുവിച്ചു. ആകയാൽ മീതെ സ്വർഗ്ഗത്തിലും താഴെ ഭൂമിയിലും യഹോവ ന്നെ ദൈവം. മറ്റൊരുത്തനുമില്ല എന്നു നീ ഇന്ന് അറിഞ്ഞു മനസ്സിൽ വച്ചുകൊൾക. നിനക്കും നിന്റെ മക്കൾക്കും നന്നായിരിക്കേണ്ടതിനും നിന്റെ ദൈവമായ യഹോവ നിനക്കു സദാകാലത്തേക്കും നൽകുന്ന ദേശത്തു നീ ദീർഘായുസ്സോടിരിക്കുന്നതിനും ഞാൻ ഇന്നു നിന്നോടു കൽപിക്കുന്നു അവന്റെ ചട്ടങ്ങളും കൽപനകളും പ്രമാണിക്ക " (ആവർത്തനം 40:38-40).

2024 ജൂലൈ നമ്മെ വിട്ട് കടന്നു പോയി. ഓഗസ്റ്റ് മാസത്തിലേക്ക് നാം കടന്നിരിക്കുന്നു.

ദൈവം നിങ്ങൾക്കായി കരുതുന്നു. ദൈവം നിങ്ങൾക്ക് സകലതും സമൃദ്ധിയായി തരുവാൻ ആഗ്രഹിക്കുന്നു. ദൈവത്തിൽ പ്രത്യാശ വെയ്ക്കുക. ദൈവം ധാരാളം അനുഗ്രഹങ്ങൾ തരും. വിശ്വസിക്കുക. പ്രാർത്ഥിക്കുക. ദൈവത്തോട് കൂടുതൽ അടുക്കുക. കർത്താവിൽ സമ്പൂർണ്ണമായി ആശ്രയിക്കുക. അവന്റെ നാമമഹത്വത്തിനുവേണ്ടി നിങ്ങളുടെ ജീവിതത്തെ സമ്പൂർണ്ണമായി സമർപ്പിക്കുവാൻ നിശ്ചയമായും ദൈവം നിങ്ങൾക്ക് കൃപ നൽകും.

മറ്റെല്ലാറ്റിനെക്കാളും അധികം നമുക്ക് ആവശ്യമായിരിക്കുന്നത് പരിശുദ്ധാത്മാവിന്റെ ഒരു ചലനമാണ്. ദൈവമുഖം തേടുവാനും ദൈവത്തിന്റെ ശബ്ദം കേൾപ്പാനും ദൈവത്തിന്റെ ഇഷ്ടത്തിന് നമ്മെ സമർപ്പിക്കുവാനുള്ള സമയമാണ് ഇത്. ദൈവത്തിന്റെ വിളി അത് വലുതാണ്. നിറഞ്ഞ ജീവിതമാണ്. ആഴമുള്ള ജീവിതമാണ്. വജയകരമായ ജീവിതമാണ്.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ആരിൽ നിന്നും ഒരു പ്രതികരണവും ലഭിക്കുന്നില്ല. നിങ്ങളുടെ അഭിപ്രായങ്ങൾ അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

ചൈനയിൽ ദൈവത്തിനുവേണ്ടി ജെ.ഹഡ്സൻ ടെയിലർ

ഭാഗം II

1866 മെയിൽ ജെ. ഹഡ്സൻ ടെയിലറും ഭാര്യയും കുഞ്ഞുങ്ങളുമായി തങ്ങൾ നേരത്തെ മിഷ്യനറിമാരായി വേല ചെയ്തിരുന്ന ചൈനയിലേക്ക് ബ്രിട്ടണിൽ നിന്നും യാത്ര തിരിച്ചു. ആരോഗ്യപരമായ കാരണങ്ങളാൽ ഇംഗ്ലണ്ടിലേക്ക് മടങ്ങിപോകേണ്ടി വന്നു, ചൈനയുടെ ഉൾപ്രദേശങ്ങളിൽ കഴിയുന്ന നഷ്ടപ്പെട്ട ജനത്തെക്കുറിച്ചുള്ള ആത്മഭാരവും ദൈവത്തിന്റെ വിളിയും ഓർത്ത് ഇപ്പോൾ ടെയിലറെ തിരികെ വരുമാറാക്കി. ഒരു ക്രിസ്തീയ സാക്ഷികൾ പോലുമില്ലാതെ ചൈനയുടെ പ്രവിശ്യകളിൽ പ്രവർ ത്തിക്കുവാൻ അറുപതു പുതിയ പ്രവർത്തകരെ തെരഞ്ഞെടുക്കുവാൻ ഇടയായി.

ടൈഫൂൺ - ചൈനയിലെ കടലുകളിൽ ആഞ്ഞു വീശുന്ന കൊടുങ്കാറ്റ്

ചൈനയുടെ തീരത്തോട് അടുക്കുന്നതുവരെയും യാത്ര വളരെ സന്തോഷകരമായിപോയി. കരയിൽ എത്തുമുമ്പ് പതിനഞ്ചു ദിവസം ആ ചെറിയ കപ്പൽ കാറ്റുമായി മല്ലിടുവാനിടയായി. അനേക യാത്രക്കാർ രോഗികളായിത്തീർന്നു. കപ്പൽ തകരും എന്ന മട്ടിലായി. മിഷനറിമാർ എല്ലാവരും ക്ഷീണിതരായി ദിവസങ്ങളായി ഉറങ്ങിയിട്ട് വസ്ത്രങ്ങളും നനഞ്ഞു. പന്ത്രണ്ടാം ദിവസം കാറ്റു വളരെ ശക്തിയാർജ്ജിച്ചു. കപ്പിത്താൻ കപ്പലിന്റെ ഭാരം കുറയ്ക്കുവാൻ വേണ്ടി സാധനങ്ങൾ വാരി കടലിൽ എറിഞ്ഞു കപ്പൽ വെള്ളത്തിൽ ആടുവാൻ തുടങ്ങി. ക്യാപ്റ്റൻ നിരാശനായി കാണപ്പെട്ടു. ഇടവിടാതെയുള്ള കൊടുങ്കാറ്റ്, ടെയിലർ ശാന്തനായി കാണപ്പെട്ടു, ദൈവത്തിൽ ആശ്രയിച്ചു, ദൈവമായിരുന്നു തന്റെ പ്രത്യാശ. ദുരന്തം അതിന്റെ പാരമ്യതയിലെത്തി, താൻ ക്യാപ്റ്റന്റെ അടുക്കൽ പോയി ധൈര്യപ്പെടുത്തി. മിഷനറിമാരുടെ സഹായം വാഗ്ദാനം ചെയ്തു. അവർ ഒരുമിച്ചു ചെയ്ത പ്രവർത്തികൾ ഫലം കണ്ടു. അവർ വളരെയെളുപ്പത്തിൽ കരയിലെത്തിച്ചേർന്നു.

മാനുഷിക സഹായം നഷ്ടപ്പെടുന്ന അപകടങ്ങളിൽ പോലും ദൈവത്തിന്റെ കരത്തിൽ ആശ്രയിക്കുന്നവർക്ക് ദൈവം സഹായകനാണെന്ന് മിഷനറിമാർ ഒരിക്കൽ കൂടെ മനസ്സിലാക്കി. അഗ്നി പരീക്ഷകളെക്കുറിച്ച് ടെയിലർ ഇങ്ങനെയെഴുതി, "എന്നാൽ എല്ലാറ്റിലും ദൈവത്തിൽ സന്തോഷിപ്പാൻ കഴിയുന്നു, തന്റെ സ്നേഹത്തിന്റെ തെളിവ്, സാഹചര്യങ്ങളിൽ സ്വാതന്ത്ര്യമായി; ഒരിക്കലും ഇല്ലാത്തവിധത്തിൽ ഹബക്കുക്കിന്റെ പാട്ടിനെ ഓർത്ത്, " ഞാൻ എന്റെ ദൈവത്തിൽ സന്തോഷിക്കും: എന്റെ ദൈവത്തിന് ഞാൻ മഹത്വം അർപ്പിക്കും".

ചൈനയിൽ എത്തിച്ചേരൽ

ഒടുവിൽ കപ്പൽ ഷാംഗ്ഹായിൽ ഒരു വിധം എത്തിച്ചേർന്നു. അത്ഭുതകരമായി രക്ഷപ്പെട്ടു, അവർക്കൊരുമിച്ച് താമസിക്കുവാനുള്ള പാർപ്പിട സൗകര്യങ്ങൾ ഒക്കെയും ലഭിച്ചു, സമുദ്രത്തിൽ നനഞ്ഞ സാധനങ്ങളൊക്കെയും ഉണക്കി തുടർന്നുള്ള യാത്രയ്ക്ക് സജ്ജരായി. കൂട്ടത്തിലുള്ള ആൾ ഇങ്ങനെയെഴുതി, " ഞങ്ങൾ നിസഹായരായിത്തീർന്നു. എന്നാൽ ആർക്കും അടയ്ക്കുവാൻ കഴിയാത്ത സ്വർഗ്ഗീയ കരം ഞങ്ങൾക്കുവേണ്ടി തുറന്നു. ദൈവത്തിന്റെ കരം ഞങ്ങൾക്കായി സൗകര്യമുള്ള ഒരു സംവിധാനം ഒരുക്കി. തുടർന്ന് ഞങ്ങൾ പ്രാർത്ഥനയോടും സംശരഹിതമായും മുന്നോട്ടു പോയി. ആറുമാസങ്ങൾക്കുള്ളിൽ ഞങ്ങൾ എല്ലാവരും ചൈനയുടെ ഉൾപ്രദേശങ്ങളിൽ താമസമായി. ഇത് ഞങ്ങളിൽ സന്തോഷത്തിനും ദൈവം ഞങ്ങളുടെ പ്രാർത്ഥന കേട്ടു എന്നതിനും സംഗതിയായി.

അതു മാത്രമല്ല മിഷനറിമാർ പ്രാർത്ഥനയ്ക്കായി മുട്ടിന്മേൽ നിന്നു, കൂടാതെ മി. ബെർഗർമിഷൻ പ്രവർത്തനങ്ങളുടെ ചുമതലക്കാരൻ തുടർച്ചയായ പ്രാർത്ഥന കളും ക്രമീകരിച്ചു. കൂടാതെ അനേക പ്രാർത്ഥനാ ഗ്രൂപ്പുകൾ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ബ്രിട്ടണിലും ആത്മഭാരത്തോടെ പ്രാർത്ഥിക്കുവാൻ ചൈനയിലെ ഇൻലാന്റ് മിഷനുവേണ്ടി പ്രാർത്ഥിക്കുവാനും ഇടയായി.

ഒരു വർഷത്തിനു ശേഷം പ്രവർത്തനങ്ങൾ വിശാലമായി, ഇരുപത്തിനാലു ദിവസത്തെ യാത്രയുള്ള ആദ്യത്തെ മിഷൻ പ്രവർത്തനം സ്ഥാപിതമായി. തീരദേശത്തുനിന്നും

(ശേഷം 4-ാം പേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചു പോകും (ലൂക്കൊ. 13;3)*
ഏറ്റുപറയുക	*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കുകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*
സ്നാനം ഏൽക്കുക	*വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊ. 16:16)*

(3-ാംപേജിന്റെ തുടർച്ച)

ഹഡ്സൻടെയിലർ

വിശാലമായ സ്ഥലത്ത് മിഷനറിമാർ പ്രവർത്തനമാരംഭിച്ചു. പ്രവർത്തനങ്ങൾ വളരെ പ്രയാസമേറിയതായിരുന്നു. മിഷ്യനറിമാർ വളരെ ചെറുപ്പമായിരുന്നു. പ്രാർത്ഥനായോഗങ്ങൾ മിഷ്യനെ സംബന്ധിച്ച് വളരെ പ്രധാനമുള്ളത് ആയിരുന്നു. ഇരുട്ടിന്റെ ശക്തികൾ വളരെയായിരുന്നു. അതിനെ അതിജീവിക്കുവാൻ പ്രാർത്ഥന അത്യാവശ്യമായിരുന്നു. അപര്യാപ്തതകൾ ഉണ്ടായി. യുവമിഷ്യനറിമാർ ദൈവത്തിങ്കലേക്ക് നോക്കി. അവർക്ക് കരുതലും സഹായവും വിശ്വാസത്താൽ അവകാശമാക്കി, ടെയിലർ വിശ്വാസവും സ്ഥിരതയും ഉള്ളവനായിത്തീർന്നു.

നമുക്ക് ഭാരമുള്ളത് ദൈവത്തിന് തൂവലുകൾ

ടെയിലർ തന്റെ വീട്ടിൽ നിന്നും കുടുംബത്തിൽ നിന്നും വളരെ അകലത്തിലേക്ക് ചൈനയുടെ ഉൾപ്രദേശങ്ങളിലേക്ക് തന്റെ പ്രവർത്തനം വിശാലമാക്കി. ഇത് തനിക്ക് അത്ര എളുപ്പമായിരുന്നില്ല. ഒരിക്കൽ തന്റെ ഭാര്യ തന്റെ യാത്രയോടുള്ള ബന്ധത്തിൽ അകന്നു കഴിയേണ്ടിവന്നു, തന്റെ പൈതൽ ആ സമയം രോഗിയായിരുന്നു. തന്റെ ഭാര്യ തനിക്ക് ഇപ്രകാരം എഴുതി, " നമ്മുടെ എല്ലാ ഭാരങ്ങളും കർത്താവിൽ അർപ്പിക്കാം, അവ വളരെ അധികമാണ്, ഭാരമേറിയവയുമാണ്, സർവ്വശക്തനായവനിൽ നമുക്ക് അർപ്പിക്കാം, ബുദ്ധിയുള്ളവനും സ്നഹവാനുമായ ദൈവത്തിൽ ആശ്രയിക്കാം. അവ നമ്മുടെ ദൈവത്തിന് തൂവലുകൾ സമാനമാണ്.

മറ്റൊരു സമയം, തന്റെ ഭർത്താവിന്റെ അസുഖത്തോടുള്ള ബന്ധത്തിൽ യാത്ര ചെയ്യേണ്ടി വന്നു. അത്യാവശ്യം കാരണത്താൽ തുഴക്കാരൻ നിർത്താതെ ശകാരിച്ചു കൊണ്ടിരുന്നു. തുഴക്കാരൻ വിശ്രമിക്കുമ്പോൾ ടെയിലർ തുഴയെടുത്തു. പനിയും പുറം വേദനയും അധികമായിട്ട് ഒരു വൈദ്യ സഹായം ആവശ്യപ്പെട്ടു. യാത്രയുടെ അവസാനത്തിൽ ഒരു സ്ത്രീ അവർ ശുശ്രൂഷിക്കുവാൻ കഴിവുള്ളവരായിരുന്നു, അവരുടെ ശുശ്രൂഷയാൽ ടെയിലർ ആരോഗ്യവാനായിത്തീർന്നു.

എതിർപ്പുകൾ

അന്ധകാര ശക്തികൾ പ്രവർത്തിപ്പാൻ തുടങ്ങി. വിദേശികൾ കടന്നുവന്ന് യേശുവിനെക്കുറിച്ചുള്ള സുവിശേഷം അറിയിക്കുന്നതിൽ അവർ കോപമുള്ളവരായിത്തീർന്നു. അവർ മിഷനറി സങ്കേതം വളഞ്ഞ് ഭീഷണിപ്പെടുത്തി. ആയിരക്കണക്കിന് ആളുകൾ ടെയിലറുടെ വാസസ്ഥലവും വളഞ്ഞു പ്രശ്നമുണ്ടാക്കി. ആദ്യം ടെയിലർ അവരുമായി സംസാരിച്ച് പ്രശ്നം പരിഹരിച്ചു. പിന്നെത്തേതിൽ വീടു തകർത്ത്, കൊള്ളയടിച്ച്, മുറികൾ ചിലത് കത്തിച്ചുകളഞ്ഞു. കുറച്ചു മിഷ്യനറിമാർ മുറിവേറ്റു, വീടുകളെ നഷ്ടപ്പെടുത്തി, സാധനങ്ങൾ കൊള്ളയടിക്കപ്പെട്ടു. ടെയിലർ ഒരു സ്നേഹിതന് ഇപ്രകാരം എഴുതി. എന്ത് ബുദ്ധിയുപദേശം പറയണമെന്ന് എനിക്കറിയില്ല. കഴിഞ്ഞ നാല്പത്തിയെട്ടുമണിക്കൂറുകൾ കൊടിയ പീഢകളിലൂടെ കടന്നു പോകുന്നു. ഞങ്ങളുടെ ദൈവം ഞങ്ങളെ കൊണ്ടുവന്നു. ദൈവനാമം മഹത്വപ്പെടുമാറാകട്ടെ. ഞങ്ങളുടെ ജീവൻ അപകടത്തിൽ ആയിരിക്കുന്നു. ഭയാനകരം. ഞാൻ വിശ്വസിക്കുന്നു ഇതിന്റെ നടുവിൽ തന്റെ നാമം മഹിമപ്പെടുത്തും, സുവിശേഷീകരണം തുടരുവാൻ ദൈവം ഞങ്ങളെ സഹായിക്കും.

മിഷ്യനറിമാർ ഒരു സമയത്തേയ്ക്കു ഈ പ്രവർത്തന സ്ഥലം വിട്ടുപോകുവാൻ നിർബ്ബന്ധിതരായി. അയൽവാസികൾ ഞങ്ങളോട് ഈ ഭയാനകമായി ജനത്തിൽ നിന്നും രക്ഷപ്പെടുവാൻ പറഞ്ഞു. എന്നാൽ മുറിവേറ്റവരുടെ മുറിവുകൾ പൂർണ്ണമായി ഉണങ്ങിയിരുന്നു. ഇപ്പോൾ അവരുടെ കുടുംബത്തോടും കുഞ്ഞുങ്ങളോടും കൂടെ കർത്താവിന്റെ വേല സ്നേഹത്തോടെ തുടർന്നു.

അനുഭവങ്ങളുടെ വെളിച്ചത്തിൽ ടെയിലർ ബർഗർന് ഇങ്ങനെയെഴുതി. അദ്ദേഹമാണ് ചൈനയിലേയ്ക്കുള്ള മിഷനറിമാരെ തെരഞ്ഞെടുത്തു അയയ്ക്കുന്നത്. സ്വയ സുഖം അന്വേഷിക്കുന്ന ആളുകൾക്ക് ചൈനയെ ക്രിസ്തുവിനായി നേടുവാൻ സാദ്ധ്യമല്ല. കർത്താവിനുവേണ്ടി അവയെ ത്യജിച്ച് മുന്നേറുന്നവർ ക്രിസ്തുവിനായി ചൈനയെയും കർത്താവിനായി ആത്മാക്കളെയും എല്ലാ സമയത്തും നേടും. ജീവി തം രണ്ടാമതാണ്. കർത്താവിന്റെ വേല ജീവനേക്കാൾ വിലയേറിയത് ആ ണ്. ഇങ്ങനെയുള്ള ആളുകൾ ദൈവരാജ്യത്തിന്റെ സമ്പത്ത് ആണ്. അവരുടെ വില പണത്തേക്കാൾ വലുതാണ്. ❖

ആത്മാവിനെ ദു:ഖിപ്പിക്കുന്നത്

By Andrew Murray

" ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കരുത്; അവനാലല്ലോ നിങ്ങൾക്ക് വീണ്ടെടുപ്പുനാളിനായി മുദ്രയിട്ടിരിക്കുന്നത് (എഫെ. 4:3).

ദൈവത്തിന്റെ പരിശുദ്ധാത്മാവിനാൽ ദൈവം തന്റെ മക്കളെ മുദ്രയിട്ടിരിക്കുന്നു, വേർതിരിച്ചിരിക്കുന്നു, അടയാളം ചെയ്തിരിക്കുന്നു തന്റെ അവകാശമായി. ഇത് പുറമേയുള്ള ഒരു പ്രവൃത്തി അല്ല. ഒരിക്കൽ എല്ലാവർക്കുമായി പൂർത്തീകരിക്കപ്പെട്ട ഒരു പരിപാടിയാണ് ഇത്. ഒരു ജീവിക്കുന്ന പ്രവൃത്തിയാണ്, ആത്മാവിൽ ശക്തിയുണ്ട്, വിശ്വാസത്തിന്റെ ഉറപ്പുണ്ട്, നമ്മിൽ വസിക്കുന്ന ആത്മാവിനാൽ അത് അനുഭവമാക്കുന്നു. ഇക്കാരണത്താൽ പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കാതെ കൈകാര്യം ചെയ്യാനുള്ളതാണ്. ദൈവത്തിൽ മാത്രമാണ് നമ്മുടെ സന്തോഷവും, ഉറപ്പും, പൂർണ്ണ അനുഗ്രഹവും ഓരോ ദിവസവും നമ്മുടെ പുത്രത്വത്തിൽ അനുഭവിക്കുന്നത്. നാം ദൈവമക്കൾ എന്ന നിലയിൽ നമ്മെ നടത്തുകയും നാം സാക്ഷിക്കുകയും ചെയ്യുന്ന അതേ ആത്മാവു തന്നെയാണ്.

എങ്ങനെയാണ് ഒരുവന് ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കുവാൻ കഴിയുന്നത്? പ്രധാനമായി പാപത്താലാണ്. അവിടുന്ന് പരിശുദ്ധാത്മാവ് ആണ്, നമ്മെ ശുദ്ധീകരിക്കുവാൻ നൽകപ്പെട്ടിരിക്കുന്നു, പാപത്തെ യേശുവിൻ രക്തം കഴുകിക്കളയുന്നു, ദൈവത്തിന്റെ പരിശുദ്ധ ജീവിതം അതിനെക്കൊണ്ട് ദൈവം നമ്മെ നിറയിക്കുന്നു. ഈ വിഷയത്തോടുള്ള ബന്ധത്തിൽ നാല് മഹാ പാപങ്ങൾ പൗലൊസ് വിശദീകരിക്കുന്നു.

ഒന്നാമത്തേത് കള്ളം പറച്ചിൽ. കള്ളം പറച്ചിൽ നരകത്തിൽ നിന്നും വരുന്നു, നരകത്തിലേക്ക് പോകുന്നു. ദൈവം സത്യത്തിന്റെ ദൈവം ആകുന്നു. പരിശുദ്ധാത്മാവിന് തന്റെ അനുഗ്രഹിക്കപ്പെട്ട പ്രവർത്തി കള്ളം പറയുന്ന വ്യക്തികളിൽ ചെയ്യുവാൻ കഴിയുകയില്ല. അനുസരണം കെട്ടവരിലും സത്യവിരുദ്ധമായ ജീവിതത്തിലും പ്രവർത്തിപ്പാൻ കഴിയുകയില്ല. യൗവ്വനക്കാരേ കള്ളത്തരം ചെയ്യുന്നവരെക്കുറിച്ചും കള്ളത്തരം പറയുന്നവരെക്കുറിച്ചും വേദപുസ്തകം എന്തു പറയുന്നു എന്നു നോക്കുക. പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കരുത്.

" എല്ലാ കയ്പും, കോപവും, ക്രോധവും, കുറ്റാരവും, ദൂഷണവും, സകല ദുർഗുണവുമായി നിങ്ങളെ വിട്ട് ഒഴി

(ശേഷം 6-ാം പേജിൽ)

പകരപ്പെട്ട ഉണർവ്വിൽ സന്തോഷിക്കുന്നു

ഒരു സഹോദരൻ താൻ പാസ്റ്ററായിരിക്കുന്ന സിംബാവേയിലുള്ള ആഗമനദൂതന്റെ പ്രവർത്തകനായ അദ്ദേഹം ആനുകാലികമായി നടക്കുന്ന ഉണർവ്വിനെക്കുറിച്ചുള്ള റിപ്പോർട്ട്.

2024 ഏപ്രിൽ 28 ലോകത്തിലേക്ക് സന്തോഷം ....” ദൈവത്തിന്റെ പരിശുദ്ധാത്മാവ് വീണ്ടും ഞങ്ങളുടെ സഭയിൽ ഇറങ്ങി വന്നു. ഒരിക്കൽ കൂടെ പരിശുദ്ധാത്മാവ് ഞങ്ങളുടെയിടയിൽ പ്രവൃത്തിപ്പാൻ തുടങ്ങിയപ്പോൾ ഞങ്ങൾ ഞങ്ങളെതന്നെ താഴ്ത്തി, ഒരു ചെറിയ, നിരാശരായിരുന്ന പറയാൻ വലിയ യോഗ്യതകളൊന്നുമില്ലാത്ത പ്രത്യേക സാഹചര്യങ്ങളിലൂടെ കടന്നു പോകുന്ന ഒരു സമയമായിരുന്നു. ഞങ്ങളുടെ സ്വർഗ്ഗീയ പിതാവ് തന്റെ മഹത്വം ഒരിക്കൽ കൂടെ ഞങ്ങളുടെ മേൽ പകർന്നു തന്നു. ഒന്നാം നൂറ്റാണ്ടിൽ പെന്തെക്കോസ്തു നാളിൽ പരിശുദ്ധാത്മാവ് ഇറങ്ങിയതുപോലെ, ഞങ്ങളുടെ പ്രാർത്ഥനയ്ക്ക് മറുപടിയായി, ആണ്ടിന്റെ ആരംഭത്തിൽ (ജനുവരി മാസത്തിൽ ഇരുപത്തിയൊന്നു ദിവസത്തെ ഉണർവ്വിനുവേണ്ടിയുള്ള പ്രാർത്ഥന നടക്കുകയായിരുന്നു).

“ അവസാന ദിവസമായ ഞായറാഴ്ച ചില കാര്യങ്ങൾ പ്രത്യേകമായി ഞങ്ങളുടെയിടയിൽ സംഭവിക്കുവാനിടയായി. ആത്മാവിന്റെ പ്രാർത്ഥന, സ്തുതിയും സ്തോത്രവും ആരാധനയും നിയന്ത്രണം പൂർണ്ണമായ ആത്മാവ് ഏറ്റെടുത്തു. സ്തുതിയും സന്തോഷവും ചിരിയും അത്ഭുതകരമായ നിലയിൽ വ്യാപരിക്കുവാൻ ഇടയായി ”.

“ എന്റെ പ്രസംഗം പൂർത്തിയാക്കുവാൻ എനിക്ക് കഴിഞ്ഞില്ല. ഞങ്ങൾ അനുഭവിച്ചിട്ടില്ലാത്ത ദൈവസ്നേഹത്താൽ നിറഞ്ഞു, ആഴമായ പാപബോധം ഉണ്ടായി, മുട്ടിന്മേൽ നിന്നു, ഹൃദയനുറുക്കത്തോടെ കരഞ്ഞു. പരിശുദ്ധാത്മാവ് പ്രവർത്തിപ്പാൻ തുടങ്ങിയപ്പോൾ എന്റെ നിയന്ത്രണം പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിലായി. ദൈവസ്നേഹം നദിപോലെ ഒഴുകുന്നതായി ഞങ്ങൾക്ക് അനുഭവപ്പെട്ടു, ഒരു കൊച്ചു കുട്ടിയെപ്പോലെ കരയുവാൻ തുടങ്ങിയ യിരെമ്യാവിനെപ്പോലെ, അസ്ഥികളിൽ അഗ്നിപോലെ ഞങ്ങൾക്ക് അനുഭവപ്പെട്ടു. ജനം എല്ലാം ഒരു മനസ്സോടെ ആരാധനയിൽ പങ്കെടുത്തു. ജനം മുഴുവനും അനുതാപത്തോടും കരിച്ചിലോടും കൂടെ കണ്ണുനീരും ഞരക്കങ്ങളും ആയി ദൈവത്തിൻ മുമ്പിൽ വീണു. ദൈവം ഞങ്ങളുടെ ഹൃദയങ്ങളിൽ പ്രവർത്തിപ്പാൻ തുടങ്ങിയെന്നതിന് സംശയമില്ല.

“ പെട്ടെന്ന് അന്തരീക്ഷം മാറി, കരച്ചിലും കണ്ണുനീരും മാറി ചിരിയും സന്തോഷവും ആയി മാറി. എനിക്ക് തോന്നി, ജനം വിടുതലും സ്വാന്ത്ര്യം പ്രാപിച്ചു. ദൈവസ്നേഹവും സത്യം ജനത്തെ സ്വതന്ത്രരാക്കി”.

“ ആരാധന നിർത്തിയിട്ടും ആർക്കും വീട്ടിൽ പോകുവാൻ തോന്നിയില്ല. അവർ വളഞ്ഞിരുന്ന് ഒരുമിച്ച് പ്രാർത്ഥിക്കാനും സ്തുതിക്കുവാനും ആരാധിപ്പാനും ഇടയായി. ജനം പരസ്പരം ആലിംഗനം ചെയ്യുവാനും ഒരുമിച്ചു കരയുവാനും അന്യോന്യം സ്നേഹം പങ്കിടുന്നത് കാണുവാനും എനിക്ക് കഴിഞ്ഞു. അപ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾ എന്റെ മനസ്സിലേക്ക് വന്ന് ഞാൻ യഹോവയോട് ഒരു കാര്യം അപേക്ഷിച്ചു; അതു തന്നെ ഞാൻ ആഗ്രഹിക്കുന്നു, യഹോവയുടെ മനോഹരത്വം കാണ്മാനും അവന്റെ മന്ദിരത്തിൽ ധ്യാനിപ്പാനും എന്റെ ആയുഷ്കാലമൊക്കെയും ഞാൻ യഹോവയുടെ ആലത്തിൽ പാർക്കേണ്ടതിന് തന്നെ” (സങ്കീ. 27:2).

അതെ, തന്റെ പരിശുദ്ധ നാമത്തിന് മഹത്വം! താഴ്മയോടെ ഓർക്കുന്നു, പരിശുദ്ധാത്മാവ് തന്റെ തേജസ്സോടും മഹത്വത്തോടും ശക്തിയോടും ഇറങ്ങി സഭകളിൽ പ്രവർത്തിക്കുന്നു, ഞങ്ങളെ സന്ദർശിച്ച് ഞങ്ങളുടെയിടയിൽ പ്രവർത്തിക്കുന്നു. അത് നിങ്ങളിലേക്ക് പകരേണ്ടതിനായി ഞങ്ങൾ പ്രാർത്ഥിക്കുന്നു. എല്ലാ മഹത്വും അവിടുത്തെ രാജ്യത്തിന് ആമേൻ.

2024 മെയ് 19 “ ദൈവത്തിന് സ്തോത്രം, ഞങ്ങൾ ഇപ്പോഴും അവിടുത്തെ സാന്നിദ്ധ്യത്തിലും മഹത്വത്തിലും ഇപ്പോഴും ഞങ്ങൾ നീന്തിത്തുടിക്കുന്നു ഒഴുകി നടക്കുന്നു. ഞങ്ങളുടെ കണ്ണിൽ നിന്നും സന്തോഷത്തിന്റെ കണ്ണുനീർ ഒഴുകിക്കൊണ്ടേയിരിക്കുന്നു. ഞങ്ങൾക്ക് ഈ റിപ്പോർട്ട് അയച്ചു തന്ന ദൈവദാസന്റെ വാക്കുകളിൽ ഇപ്പോഴും അത്ഭുതവും ദൈവസ്നേഹവും നിറഞ്ഞു നിൽക്കുന്നു, ദൈവം, എഴുന്നേറ്റിരിക്കുന്നു, ഞങ്ങളുടെ സഭകളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു, മനുഷ്യന്റെ വാക്കുകളോ എഴുത്തുകളാലോ വർണ്ണിക്കുവാൻ സാദ്ധ്യമല്ല. ഒരു വാക്കു മാത്രമേ ഞങ്ങൾക്ക് പറയാൻ കഴിയൂ. നന്ദി കർത്താവേ! ഞങ്ങളുടെ ആരാധനകൾ പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിൽ ആയിരിക്കുന്നു. ചില സമയം എന്റെ ജഡത്തിൽ നിന്നും ഉപദേശ വിഷയങ്ങളുമായി ഞാൻ സംസാരിപ്പാൻ തുടങ്ങും . ദൈവം എന്നെ ശാസിച്ചു. ഇങ്ങനെ എന്നോട് പറഞ്ഞു, നീ എന്നെ വരാനായി ക്ഷണിച്ചു, എന്നെ നിയന്ത്രിക്കാനനുവദിക്കൂ....

“ ദൈവസ്നേഹം ഞങ്ങളിൽ പകർന്നു തന്നു, ക്ഷമിക്കുവാൻ ഞങ്ങളെ പഠിപ്പിച്ചു, അത് കേട്ട കാര്യങ്ങളെ അനുഭവമാക്കിയുള്ളതല്ല, പുതിയ വഴികളിൽ നടത്തി. കർത്താവ് ഇവിടെ സമാധാനവും സന്തോഷവും ഞങ്ങളുടെ ബലമായിരിക്കുന്നു. ഞാൻ പറയട്ടെ, എന്ത് ചെയ്താലും എന്ത് പറഞ്ഞാലും, ഞങ്ങളുടെ കണ്ണു നിറഞ്ഞു പോകുന്നു. കൂട്ടായ്മകൾ മധുരമുള്ളതായിത്തീരുന്നു, സംതൃപ്തിയും, ആത്മനിറവും, ഞങ്ങളുടെ ആരാധനകൾ അവസാനിച്ചാലും ആളുകൾ പിരിഞ്ഞുപോകാതെ ഗ്രൂപ്പുകളായി പ്രാർത്ഥിക്കയും സന്തോഷം പങ്കിടുകയും ചെയ്യുന്നു. നിങ്ങൾ ഞങ്ങളുടെ സഭാഹാൾ സന്ദർശിച്ചാൽ പ്രാർത്ഥനയുടെ ആത്മാവിൽ സന്തോഷിക്കുകയും നിറയുകയും ചെയ്യുന്നത് കാണാൻ കഴിയും.

“ കഴിഞ്ഞയാഴ്ച അഞ്ചു ദിവസത്തെ ഉപവാസ പ്രാർത്ഥനയായിരുന്നു, പ്രാർത്ഥിക്കുകയും കരയുകയും ആയിരുന്നു, നമ്മുടെ ദൈവത്തിന്റെ കരം കൂടെയിരുന്നു ഞങ്ങളെ നടത്തി. തീർച്ചയായും ഞങ്ങൾക്കുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരുന്നു. തകർന്ന ഹൃദയത്തോടെ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ ദൈവം ഉണർവ്വിനെ അയച്ചു. തകർന്നും നുറുങ്ങിയും ഇരിക്കുന്ന ഹൃദയത്തെ ദൈവം നിരസിക്കയില്ല. അവിടുന്ന് ഉത്തരം നൽകും. നാം ഗൗരവമായി അടുത്തുചെന്നാൽ ദൈവം ഇത് നമുക്കുവേണ്ടി വെളിപ്പെടുത്തും, താഴ്മയോടെ അടുത്തു ചെല്ലും എങ്കിൽ, പ്രാർത്ഥിച്ചു ദൈവമുഖം അന്വേഷിക്കും എങ്കിൽ നിശ്ചമായി അവിടുന്ന് നിങ്ങളെ അനുഗ്രഹിക്കും. നമ്മെ വിളിച്ചവൻ വാഗ്ദത്തം തന്നവൻ, വിശ്വസ്തൻ, അവിടുന്ന് നമുക്കുവേണ്ടി പ്രവർത്തിക്കും.

“ ഒരു രാജ്യം എന്ന നിലയിൽ ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുക. ഞങ്ങളുടെ ഗവൺമെന്റ് ഒരു ദുരന്തം പ്രഖ്യാപിച്ചിരിക്കുന്നു. ഈ വർഷം മഴ പെയ്തില്ല, ഞങ്ങളുടെ നിലങ്ങളിൽ നിന്നും ഞങ്ങൾക്ക് ഒന്നും ലഭിച്ചില്ല. ഒരു പട്ടിണിയിലേക്ക് രാജ്യം പൊയ്ക്കൊണ്ടിരിക്കുന്നു. ❖

(4-ാംപേജിന്റെ തുടർച്ച)

ആത്മാവിനെ ദു:ഖിപ്പിക്കുന്നത്

ഞ്ഞ് പോകട്ടെ" (എഫെ. 4:31). കള്ളം പറയുന്നതിനോടു കൂടെ, കൃപയുടെ വർദ്ധനവിന് തടസമായിരിക്കുന്ന എല്ലാ പാപ പ്രവർത്തികളേയും തിടുക്കം കോപിച്ച് തല കുന്നിപ്പിക്കുക. വിശ്വാസിയേ നിങ്ങളിൽ നിന്നും എറിഞ്ഞുകളവിൻ. പരിശുദ്ധാത്മാവ് നിങ്ങളുടെ ഉള്ളിൽ പകർന്നിരിക്കുന്ന വലിയ ശക്തിയാണ് എന്ന് വിശ്വസിക്കുവിൻ. യേശുക്രിസ്തു പരിശുദ്ധാത്മാവിലൂടെയാണ് നമ്മിൽ പ്രവർത്തിക്കുന്നത് എന്ന് വിശ്വസിക്കുകയും ദിനതോറും അവിടുത്തെ സന്നിധിയിൽ നമ്മെ സമർപ്പിക്കുകയും ചെയ്യുക. അവിടുന്ന് നമ്മെ സൂക്ഷിച്ച് പരിപാലിക്കും. അതെ, നിങ്ങളുടെ പിരിമുറുക്കങ്ങളിൽ നിന്നും നിങ്ങളെ വിടുവിപ്പാൻ ശക്തൻ എന്ന് പിതാവായ ദൈവത്തേയും പുത്രനായ ക്രിസ്തുവിനെയും പരിശുദ്ധാത്മാവിനെയും വിശ്വസിക്കുക. പാപത്തെ ഏറ്റുപറയുക. ദൈവം നമ്മെ അതിൽ നിന്നും വിടുവിച്ച് ശക്തീകരിക്കും.

പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കരുത്

അടുത്തതായി മോഷണം ഇവയെല്ലാം എന്റെ അയൽക്കാരന്റെ നേരെയുള്ള വസ്തുക്കളെയോ അവകാശങ്ങളെയോ സംബന്ധിച്ചുള്ളവയാണ്. ഇടപെടലുകളിലുള്ള അവിശ്വസ്തയും വഞ്ചന, അതിൽ ഞാൻ തെറ്റിപോകുന്നു, എന്റെ സ്വന്ത നേട്ടം മാത്രം ഞാൻ നോക്കുന്നു. അതിൽ വിട്ടുപോരാൻ കഴിയാതിരിക്കുക. പരിശുദ്ധാത്മാവിനെ പ്രവർത്തിപ്പാൻ അനുവദിക്കുന്നില്ല. വിശ്വാസം, സത്യസന്ധനായിരിക്കേണം, നീതിയുള്ളവനായിരിക്കേണം, അയൽക്കാരനെ തന്നെപ്പോലെ തന്നെ സ്നേഹിക്കുന്നവനായിരിക്കേണം.

അപ്പോസ്തലൻ പറയുന്നു, " കേൾക്കുന്നവർക്ക് കൃപ ലഭിക്കേണ്ടതിന് ആവശ്യംപോലെ ആത്മിക വർദ്ധനയ്ക്കായി നല്ല വാക്കല്ലാതെ ആകാത്തത് ഒന്നും നിങ്ങളുടെ വായിൽ നിന്നും പുറപ്പെടരുത്" (എഫെ. 4:29). ദൈവപൈതലിന്റെ നാവും ദൈവത്തിന്റെ കൃപയാകുന്നു. അവർ നമ്മുടെ സംസാരം വച്ചു മനസിലാക്കേണം. അവന്റെ സംസാരത്തിൽ ആളുകൾ നമ്മെ മനസിലാക്കുവാൻ ഇടയാവുന്നു. നമ്മുടെ സംസാരത്തിൽ നമുക്ക് ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കുവാനോ സന്തോഷിപ്പിക്കുവാനോ കഴിയും. വിശുദ്ധീകരിക്കപ്പെട്ട നാവ് അയൽക്കാർക്കു മാത്രമല്ല, സംസാരിക്കുന്ന ആളിനും അനുഗ്രഹമായിരിത്തീരും. മഠയത്തരം പറയുക, കൗശലം, പാഴ് വാക്കു നാം പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കരുത്. അവയക്ക് ഹൃദയങ്ങളെ ശുദ്ധീകരിപ്പാൻ കഴിയുന്നതല്ല, ആശ്വസിപ്പിപ്പാൻ കഴിയുന്നില്ല, നിങ്ങളുടെ ഹൃദയങ്ങളെ സന്തോഷം കൊണ്ട് നിറയ്ക്കുവാൻ കഴിയുന്നതല്ല.

യുവവിശ്വാസിയേ, ഈ പാപങ്ങളാലോ, വേറെ പാപങ്ങളാലോ ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കരുത്. ഈ പാപങ്ങളിൽ നിങ്ങൾ അകപ്പെട്ടിരിക്കുന്നു എങ്കിൽ ഏറ്റു പറയുക ദൈവം നമ്മുടെ പാപങ്ങളെ ക്ഷമിക്കും. പരിശുദ്ധാത്മാവിനാൽ നാം മുദ്രയിടപ്പെട്ടിരിക്കുന്നു. ശരിയായി ജീവിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നു എങ്കിൽ വിശ്വാസത്തിന്റെ സന്തോഷം പ്രാപിപ്പാനാഗ്രഹിക്കുന്നു എങ്കിൽ ദൈവവചനം ശ്രദ്ധിക്കുക "ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കരുത് ".

" കർത്താവായ ദൈവമേ, സ്വർഗ്ഗീയ പിതാവേ എത്ര അത്ഭുതകരമായ കൃപയാണ് ഞങ്ങൾക്കായി വെളിപ്പെടുത്തിയിരിക്കുന്നത് എന്ന് ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. ഞങ്ങളുടെ ഹൃദയങ്ങളിൽ അവിടുത്തെ പരിശുദ്ധാത്മാവിനാൽ നിറെച്ചിരിക്കുന്നു. കർത്താവേ, ഞങ്ങളുടെ ഓരോ വിധ പാപങ്ങളിൽ നിന്നും കഴുകൽ പ്രാപിപ്പാനാവശ്യമായ ദൈവകൃപയും ശക്തിയും ഞങ്ങളുടമേൽ പകർന്നിരിക്കുന്നു. പരിശുദ്ധ കർത്താവേ, ഞങ്ങളുടെ ചിന്തകളിൽ, സംസാരങ്ങളിൽ, വചനം പഠിക്കുന്നതിൽ അവിടുത്തെ സ്വഭാവം പകരണമേ. ❖

ആത്മനിറവിനുള്ള പടികൾ

By Samuel Chadwick

എല്ലാ വിശ്വാസികളും ആത്മാവിൽ നിറഞ്ഞവരായിരിക്കേണം എന്നുള്ളത് ദൈവത്തിന്റെ ഇഷ്ടമാണ്, ആത്മാവിന്റെ കവിഞ്ഞൊഴുക്ക്, എല്ലാറ്റിലും പരിശുദ്ധാത്മവിനാൽ ജയം എടുക്കേണം. എന്തു തടസ്സം? ആഗ്രഹങ്ങൾ എല്ലാവർക്കും വേണ്ടിയാണ്, എല്ലാവർക്കും വേണ്ടി ഇപ്പോൾ വ്യവസ്ഥകൾ ലളിതം, മാറ്റമില്ലാത്തത്, ആഗോളപരം. ദൈവം സാധാരണ ആളുകളെ അസാധാരണ ശക്തിയാൽ നിറയ്ക്കുന്നു, ക്ഷീണിച്ച വിശ്വാസത്തെ ഉന്നത വിശ്വാസമാക്കി രൂപാന്തരപ്പെടുത്തുന്നു. ഇപ്പോൾ ഏതെല്ലാമാണ് വിശ്വാസത്തിന്റെ പടികൾ എന്നും അതിലൂടെ ദൈവാനുഗ്രഹങ്ങൾ എങ്ങനെ സാധ്യമാകുന്നു എന്നും നോക്കാം.

ആദ്യത്തെ പടി, മാനസാന്തരപ്പെടുക എന്നതാണ്. " പത്രോസ് അവരോട് " നിങ്ങൾ മാനസാന്തരപ്പെട്ട് നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ; എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും" (അ.പ്ര. 2:38). വിശ്വാസികൾക്കും പാപികൾക്കും മാനസാന്തരം ആവശ്യമാണ്. ആളുകൾ പെന്തെക്കാസ്തിൽ അനുഗ്രഹത്തിനുവേണ്ടി പ്രാർത്ഥിക്കുമ്പോൾ പാപബോധം ഉണ്ടാകേണ്ടത് ആവശ്യമാണ്. സമർപ്പിക്കപ്പെടുന്നില്ലെങ്കിൽ, സുഖഭോഗങ്ങളിൽ മുഴുകി വെളിച്ചത്തിനെതിരെ നില്ക്കുന്നു എങ്കിൽ സ്വാർത്ഥമോഹങ്ങളിൽ ആയിരിക്കുന്നു എങ്കിൽ ഇവയൊക്കെയും സർവ്വാധികാരിയുടെ മുമ്പിൽ സമർപ്പിക്കപ്പെടേണം. അവിടുന്ന് ഉയർത്തപ്പെടാതെ കിരീടം അണിയിക്കപ്പെടാതെ, മഹത്വീകരിക്കപ്പെടാതെ പെന്തെക്കാസ്തനുഭവം ഇല്ല.

രണ്ടാമതായി ചോദിക്ക എന്നതാണ്. " അങ്ങനെ ദോഷികളായ നിങ്ങളുടെ മക്കൾക്ക് നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ സ്വർഗ്ഗസ്ഥനായ പിതാവ് തന്നോട് യാചിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ എത്ര അധികം കൊടുക്കും" (ലൂക്കൊ. 11:13). ഈ വേദഭാഗത്തിൽ ദൈവത്തിന്റെ വരങ്ങൾ നൽകപ്പെടണമെങ്കിൽ ചോദിക്കേണ്ടത് ആവശ്യമാണ്. ഇവിടെ പ്രാപിപ്പാനുള്ള ആഗ്രഹവും പ്രധാനമാണ്. നിങ്ങൾക്ക് ഒന്നും കിട്ടുന്നില്ല, യാക്കോബ് പറയുന്നു. കാരണം നിങ്ങൾ ഒന്നും ചോദിക്കുന്നില്ല. (യാക്കോ 4:2). ആയിരക്കണക്കിന് വിശ്വാസികൾ അനുഗ്രഹങ്ങൾക്ക് വേണ്ടി ഒന്നും ചോദിക്കുന്നില്ല. ദൈവം കൊടുക്കുവാനുഗ്രഹിക്കുന്നു, പക്ഷേ നാം ചോദിക്കുവാൻ അവിടുന്ന് കാത്തിരിക്കുന്നു. ഞാൻ കർത്താവ്, ഇത് അരുളിചെയ്തിരിക്കുന്നു. " യഹോവയായ കർത്താവ് ഇപ്രകാരം അരുളിചെയ്യുന്നു, യിസ്രായേൽ ഗൃഹം എന്നോട് അപേക്ഷിച്ചിട്ട് ഞാൻ ഒന്നു കൂടെ ചെയ്യും " (യെഹെസ്. 36:36, 37).

നാം സൂക്ഷമതയോടെ അനുഗ്രഹം നഷ്ടപ്പെടാതെ സൂക്ഷിക്കേണം. വിശ്വാസത്തെ ആരും ചെറുക്കരു

(ശേഷം 8-ാംപേജിൽ)

(2-ാംപേജിന്റെ തുടർച്ച)

ആത്മാവിനും ഉണർവ്വിനും വേണ്ടിയുള്ള പ്രാർത്ഥന

മായ ക്രമീകരണം, വചനത്തിന്റെ ആഴങ്ങളിലേക്കിറങ്ങി, ഉറപ്പും, പ്രാർത്ഥനയിൽ സ്ഥിരത ലഭിക്കുമാറ് പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിൽ പ്രാർത്ഥിക്കുന്നു.

ആത്മാവിൽ പ്രാർത്ഥനയ്ക്കു വേണ്ടിയുള്ള അടിസ്ഥാനം

നാം ഇപ്പോൾ ഒരു തീവ്രമായ പ്രായോഗിക ചോദ്യത്തിലേക്ക് വരുന്നു, “ എങ്ങനെയാണ് നാം പരിശുദ്ധാത്മാവിൽ പ്രാർത്ഥിക്കുന്നത് ”. അതായത് പരിശുദ്ധാത്മാവ് നയിക്കുന്ന പ്രാർത്ഥനയായിരിക്കേണം നമ്മുടെ പ്രാർത്ഥന, സ്വയ ആഗ്രഹങ്ങളെയല്ല നമ്മുടെ പ്രാർത്ഥനയെ നയിക്കുന്നത് എന്ന് നമ്മിൽ വസിക്കുന്ന ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ നിയ്ത്രണത്തിലാണ് നമ്മുടെ പ്രാർത്ഥന എന്ന് ഉറപ്പുവരുത്തേണം. എല്ലാ ചോദ്യങ്ങൾക്കും ഉത്തരം പ്രത്യക്ഷമായി ദൈവവചനത്തിൽ ചിട്ടപ്പെടുത്തിയതായിരിക്കണം നമ്മുടെ പ്രാർത്ഥനകൾ.

ആദ്യമായി, നാം പരിശുദ്ധാത്മാവിൽ പ്രാർത്ഥിക്കേണം എങ്കിൽ, നമ്മുടെ ഇഷ്ടങ്ങളെ ദൈവമുമ്പിൽ സമർപ്പിക്കേണം, നമ്മെതന്നെ പൂർണ്ണമായി ദൈവത്തിന് സമർപ്പിക്കേണം. വേദപുസ്തകത്തിൽ ധാരാളം പ്രാവശ്യം ഈ വസ്തുതകളെ കാണാം. ഉദാഹരണമായി പ്രവൃ. 5:32ൽ നാം വായിക്കുന്നു. “ഈ വസ്തുതയ്ക്കു ഞങ്ങളും ദൈവം തന്നെ അനുസരിക്കുന്നവർക്കു നൽകിയ പരിശുദ്ധാത്മാവും സാക്ഷികൾ ആകുന്നു എന്നു ഉത്തരം പറഞ്ഞു”. ഇവിടെ പ്രത്യക്ഷമായിത്തന്നെ വെളിപ്പടുന്ന കാര്യം തന്നെ അനുസരിക്കുന്നവർക്കു നൽകിയ പരിശുദ്ധാത്മാവ് അവർക്കു മാത്രം അനുസരിക്കുന്ന ഹൃദയം ഉള്ളവർക്കു തന്നെതന്നെ ദൈവത്തിന് സമർപ്പിക്കുന്നവർക്ക് ഈ പൂർണ്ണസമർപ്പണമില്ലാത്തെ ആരുടെയും ഒരു നിയന്ത്രണവും പരിശുദ്ധാത്മാവിന് എടുപ്പാൻ കഴിയുകയില്ല. ദൈവത്തിന് നമ്മെ സമർപ്പിക്കുമ്പോൾ, അത് പ്രാർത്ഥനയ്ക്ക് നമ്മെ സമർപ്പിക്കുന്നു, അതോടുകൂടെ നമ്മുടെ പ്രവർത്തനമേഖലകൾ വേറൊരു തലപ്പത്തേക്ക് പ്രവേശിക്കുന്നു.

രണ്ടാമതായി, നാം പരിശുദ്ധാത്മാവിൽ പ്രാർത്ഥിക്കുന്നു എങ്കിൽ ജീവിതത്തിന്റെ എല്ലാ തലങ്ങളിലും കർശനമായ അനുസരണം പാലിക്കുന്നു. അനുസരണക്കേടുകൾ ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കുന്നു, നമ്മുടെ പ്രവർത്തികളുടെ നിയന്ത്രണം ഏറ്റെടുക്കുവാൻ പരിശുദ്ധാത്മാവിന് കഴിയുന്നില്ല, ജീവതത്തിന്റെ ഏതെങ്കിലും ഒരു ഭാഗത്തിന്റെ ഏതെങ്കിലും വിധത്തിലുള്ള നിയന്ത്രണം ഏറ്റെടുക്കുവാൻ പരിശുദ്ധാത്മാവിന് കഴിവില്ല.

ദൈവത്തെ അനുസരിക്കുന്നതിനോടുള്ള ബന്ധത്തിൽ ദൈവവചനം പഠിച്ച് ദൈവഹിതം ഇന്നതെന്ന് തിരിച്ചറിയേണം, അതനുസരിച്ച് ഓരോ നിമിഷവും ജീവിക്കണം. നാം ഇതിനെ ഉപേക്ഷയായി വിചാരിക്കുന്നു എങ്കിൽ പരിശുദ്ധാത്മാവിന് ജീവിതത്തിന്റെ നിയന്ത്രണം ഏറ്റെടുക്കുവാൻ കഴിയുകയില്ല, നമുക്ക് “ ആത്മാവിൽ പ്രാർത്ഥിപ്പാൻ കഴിയുകയില്ല. യോഹ. 14:13,14 വരെ വാക്യങ്ങളിൽ വളരെ വ്യക്തമായി കർത്താവായ യേശു വാഗ്ദത്തം ചെയ്യുന്നത്, നിങ്ങൾ എന്റെ നാമത്തിൽ അപേക്ഷിക്കുന്നത് ഒക്കെയും പിതാവ് പുത്രനിൽ മഹത്വപ്പെടേണ്ടതിന് ഞാൻ ചെയ്തു തരും. അപ്പോൾ യേശു പറഞ്ഞത്, പരിശുദ്ധാത്മാവിലുള്ള പ്രാർത്ഥനയ്ക്ക് ശക്തി പകരുവാൻ ദിനം പ്രതിയുള്ള അനുസരണം ആവശ്യമാണ്. “ നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കല്പനകളെ കാത്തുകൊള്ളും ”. എന്നാൽ ഞാൻ പിതാവിനോടു ചോദിക്കും അവൻ സത്യത്തിന്റെ ആത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ എന്നേയ്ക്കും നിങ്ങളോടുകൂടെയിരിക്കേണ്ടതിന് നിങ്ങൾക്ക് തരും. ലോകം അവനെ കാണുകയോ അറികയോ ചെയ്യായ്കയാൽ അതിന് അവനെ ലഭിപ്പാൻ കഴികയില്ല, നിങ്ങളോ അവൻ നിങ്ങളോടു കൂടെ വസിക്കയും നിങ്ങളിൽ ഇരിക്കയും ചെയ്യുന്നതുകൊണ്ട് അവനെ അറിയുന്നു ”. (വാക്യം 15-17).

മൂന്നാമതായി, നാം പരിശുദ്ധാത്മാവിൽ പ്രാർത്ഥിക്കുന്നു എങ്കിൽ, നാം ബുദ്ധിയോടും വിജയകരമായി പ്രാർത്ഥിക്കാനാഗ്രഹിക്കുന്നുവെങ്കിൽ ഉച്ചരിപ്പാൻ നമ്മുടെ കഴിവില്ലായ്മയും പരിശുദ്ധാത്മാവിലുള്ള നമ്മുടെ ആശ്രയവും നാം മുറുകെ പിടിക്കേണം. ഏതു സമയത്തും നമുക്കു ആശ്രയിപ്പാൻ കൊള്ളാകുന്നൊരു ആശ്വാസപ്രദൻ, എപ്പോഴും കൂടെയുള്ള സ്നേഹിതൻ, സഹായകൻ, ആലോചനക്കാരനുമായവൻ, പരിശുദ്ധാത്മാവ്, നമ്മുടെ പ്രാർത്ഥനയ്ക്കു ചെവിതരുന്നവൻ. ജീവിതത്തിൽ ദൈവത്തിലുള്ള ആഴമായ ആശ്രയം അറിയേണം, ലോകവുമായുള്ള നമ്മുടെ നിരന്തര പോരാട്ടത്തിൽ ജഡത്തോടും പിശാചിനോടും; ജീവിതത്തിലും കർത്താവായ യേശുവിന്റെ ശുശ്രൂഷയിലും അവിടുത്തെ സാന്നിദ്ധ്യം അറിയേണം, “ സൈന്യത്താലല്ല ശക്തിയാലല്ല (നമ്മുടെ ഭൗതികമായ, സ്വന്തമായ കഴിവുകളാലല്ല) എന്നാൽ “ തന്റെആത്മാവിനാൽ ” ഈ ലോകത്തിൽ ദൈവത്തിന്റെ ഇഷ്ടം നാം പൂർത്തിയാക്കേണം (സെ.4 :6). വേദപുസ്തക പഠനത്തിൽ ദൈവസാന്നിദ്ധ്യത്തിലുള്ള ആശ്രയം നാം അറിയണം, അവിടുന്ന് അവിടുത്തെ വചനത്തെ വിളമ്പിത്തരുവാൻ എപ്പോഴും ഒരുക്കമാണ് എന്ന് നാം അറിയേണം. എല്ലാറ്റിലുമുപരി ദൈവത്തിലുള്ള ആശ്രയം നമ്മുടെ പ്രാർത്ഥനയിൽ ഉണ്ടായിരിക്കേണം. പൗലൊസ് എഴുതിയ വചനങ്ങൾ എപ്പോഴും ഹൃദയത്തിൽ സംഗ്രഹിക്കേണം. “അവ്വണ്ണം തന്നെ ആത്മാവ് നമ്മുടെ ബലഹീനതയ്ക്ക് തുണ നില്ക്കുന്നു വേണ്ടും പോലെ പ്രാർത്ഥിക്കേണ്ടത് എന്തെന്ന് നാം അറിയുന്നില്ലല്ലോ....” കർത്താവായ യേശുവിന്റെ ശക്തനായ വേലക്കാരൻ, ദൈവത്താൽ നടത്തപ്പെടുന്ന അപ്പോസ്തലൻ, നല്ല പ്രാർത്ഥനാ മനുഷ്യൻ എങ്ങനെ പ്രാർത്ഥിക്കേണം എന്ന് അറിയുന്നില്ല, അങ്ങനെയെങ്കിൽ നാം എങ്ങനെ അറിയും. ആ വചനം ധ്യാനിച്ചുകൊണ്ടു തന്നെ വീണ്ടും ഈ വചനത്തെ ശ്രദ്ധിക്കാം, ആത്മാവു തന്നെ ഉച്ചരിച്ചുകൂടാത്ത ഞരക്കങ്ങളാൽ നമുക്കു വേണ്ടി പക്ഷവാദം ചെയ്യുന്നു. ആത്മാവ് ദൈവഹിത പ്രകാരം വിശുദ്ധന്മാർക്കു വേണ്ടി പക്ഷവാതം ചെയ്യുന്നതുകൊണ്ട് ആത്മാവിന്റെ ചിന്ത ഇന്നതെന്ന് ഹൃദയങ്ങളെ പരിശോധിക്കുന്നവൻ അറിയുന്നു. ദൈവത്തിങ്കലേക്ക് പ്രാർത്ഥനയിൽ അടുത്തുചെല്ലുമ്പോൾ, വേണ്ടുംവണ്ണം പ്രാർത്ഥിക്കേണ്ടത് എന്തെന്ന് അറിയുന്നില്ലല്ലോ എന്ന കാര്യം ഓർക്കുക. ദൈവമുമ്പാകെ നിങ്ങളെത്തന്നെ കൊണ്ടുവരിക, നിങ്ങളെത്തന്നെ സൂക്ഷിക്കുക, നിങ്ങളുടെ പ്രാർത്ഥനയുടെ ഓരോ വാക്കുകളിലും പരിശുദ്ധാത്മാവിൽ ആശ്രയിക്കുക.

നാലാമതായി, നാം ആത്മാവിൽ പ്രാർത്ഥിക്കുമ്പോൾ നിശ്ചയമായും ദൈവത്തിന്റെ പരിശുദ്ധാത്മാവ് തന്നെ വഴി നടത്തുന്നതിനായി പ്രാർത്ഥിക്കുക. വേണ്ടുംവണ്ണം പ്രാർത്ഥി

(ശേഷം 8-ാംപേജിൽ)

(2-ാംപേജിന്റെ തുടർച്ച)

ഉയരത്തിൽ നിന്നുള്ള ശക്തി

ക്കേണ്ടത് എന്തെന്ന് ഞ ങ്ങൾ അറിയുന്നില്ല എന്നു പറയുക, പരി ശു ദ്ധാ ത്മാവ് നമ്മെ സഹാ യി ക്കു ന്ന തി നാ യി പ്രാർത്ഥിക്കുക, അവിടുന്ന് സഹായിക്കും.

അഞ്ചാമതായി, നാം ആ ത്മാവിൽ പ്രാർത്ഥിക്കുമ്പോൾ, ദൈവം നമ്മുടെ പ്രാർത്ഥനയ് ക്കുത്തരം നൽകുന്നു എന്നും തന്റെ പരിശുദ്ധാത്മാവിനെ അയച്ചു നമ്മെ പ്രാർ ത്ഥിപ്പാ ൻ പഠിപ്പിക്കുന്നു എന്നും നാം എണ്ണേണം. ശങ്കയി ല്ലാതെ ദൈവത്തിന്റെ പരിശു ദ്ധാത്മാവിനെ അയച്ചു തരേ ണ്ടതിനായി പ്രാർത്ഥിക്കേ ണം. റോമർ 8:26,27-ൽ അ ങ്ങനെ നിശ്ചയമായി അരുളി ചെയ്യുന്നുവല്ലോ.

ആറാമതായി, നാം പരിശു ദ്ധാത്മാവിൽ പ്രാർത്ഥിക്കു മ്പോൾ, ആത്മാവിനാൽ നാം നിറയപ്പെടുന്നു എന്ന് ഉരപ്പു വരുത്തേണ്ടതാണ്. പൗലൊ സിന്റെ പ്രബോധനം എഫെ സ്യർ 5:18-ൽ കാണാം, "ആ ത്മാവിൽ നിറഞ്ഞവരായിരി പ്പിൻ " (ഇത് തുടർച്ചയായ അനുഭവമാണ്. നമ്മുടെ പ്രാർത്ഥനയിൽ അനുഗ്രഹി ക്കപ്പെട്ട ഒരു ബന്ധമാണിത്. ആത്മാവിനാൽ നാം നിറയ പ്പെടുന്നു എങ്കിൽ ആത്മാവി നാൽ നാം വഴി നടത്തപ്പെടു ന്നു, നമ്മുടെ പ്രാർത്ഥന യിലും ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും അത് പ്രധാന മാണ്. ആത്മാവിൽ ഒരു മനു ഷ്യൻ എപ്പോഴും പ്രാർത്ഥി ക്കുന്നവനും ആയിരിക്കും.

ഒടുവിലായി, ആത്മാവിൽ നാം പ്രാർത്ഥിക്കുമ്പോൾ വേദപുസ്തകം നാം എല്ലാ ദി വസവും ചിട്ടയായും ഉണ്ടാ യിരിക്കും. എഴുതപ്പെട്ട ദൈവ വചനം, അതിലൂടെ കാണപ്പെ ടാത്ത പരി ശു ദ്ധാ ത്മാവ് പ്രവർത്തിക്കുന്നു, പരിശുദ്ധാ ത്മാവിന്റെ നിറവിനായി നി ങ്ങളെ ഏല്പിക്കുമ്പോൾ ആ ആത്മാവ് ദൈവ വ ചനം പൂർണ്ണമായികാക്കുന്നു. ഈ ഭാഗത്ത്, സങ്കീർത്തന ങ്ങ ളാലും സ്തുതിക ളാലും ആത്മീയ ഗീത ങ്ങ ളാലും തമ്മിൽ പഠിപ്പിച്ചും ബുദ്ധിയു പദേശിച്ചും നന്ദിയോടെ നി ങ്ങളുടെ ഹൃദയങ്ങളിൽ ദൈ വത്തിന് പാടിയും ഇങ്ങനെ ക്രിസ്തുവിന്റെ വചനം ഐ ശ്വര്യമായി സകല ജ്ഞാന ത്തോടുകൂടെ നിങ്ങളിൽ വസിക്കട്ടെ" (കൊലൊ. 3:16). ശ്രദ്ധയോടെ എഫെസ്യർ 5:18-26 നോക്കുക, "ആത്മാവ് നിറഞ്ഞവരായി സങ്കീർത്തന ങ്ങളാലും സ്തുതികളാലും ആത്മീക ഗീത ങ്ങ ളാലും തമ്മിൽ സംസാരിച്ചും നിങ്ങ ളുടെ ഹൃദയങ്ങളിൽ കർത്താ വിനു പാടിയും കീർത്തനം ചെയ്തും നമ്മുടെ കർത്താ വായ യേശുക്രിസ്തുവിന്റെ നാമത്തിൽ ദൈവവും പിതാ വുമായവന് എല്ലായ്പ്പോഴും എല്ലാറ്റിനും വേണ്ടിയും സ് തോത്രം ചെയ്തുകൊൾ വിൻ". ഈ രണ്ടു ലേഖന ങ്ങളും ഒരേ കാലഘട്ടത്തിൽ എഴുതപ്പെട്ടവയാണ്. ഈ ഭാഗത്ത് കാണപ്പെടാത്ത പരി ശുദ്ധാത്മാവിന്റെ ശക്തമായ പ്രവർത്തികൾ കാണപ്പെടുന്ന എഴുതപ്പെട്ട ദൈവവചന ത്തിൽ കാണാം. ദൈവ ത്തിന്റെ മനസ്സു നമ്മുടെ മന സുമായി ഐകമത്യപ്പെട്ടു ഒരു സ്ഥിരമായ വചനപഠന ത്തിൽ, ദൈവവചനം അംഗീ കരിച്ച്, ദൈവത്തിന്റെ പരിശു ദ്ധാത്മാവിന് പ്രവർത്തിപ്പാൻ നമ്മെ വിധേയപ്പെടുത്തി, അപ്പോൾ ദൈവത്തിന്റെ പരി ശുദ്ധാത്മാവ് എന്ന സത്യ ത്തിൽ നമ്മെ സൂക്ഷിച്ച് ദൈവവചനത്തിൽ നമ്മെ ഏല്പിച്ച്, പരിശുദ്ധാത്മാ വിന്റെ ഇഷ്ടത്തിന് ഏല്പിച്ച് പ്രാർത്ഥിക്കുക. ഈ ചിന്ത യിലുറച്ച് കൊണ്ട് കർത്താ വിന്റെ അനുഗ്രഹിക്കപ്പെട്ട വചനം യോഹ. 6:63-ൽ വായിക്കുന്നു. "ഞാൻ നിങ്ങ ളോട് സംസാരിച്ച വചനം ആത്മാവും ജീവനും ആകു ന്നു. ജയിക്കുന്ന പ്രാർത്ഥന നമ്മെ കൊണ്ടെത്തിക്കുന്നത്, സ്ഥിരമായ അനുസരിക്കുന്ന ദൈവ വ ചന പഠന ത്തി ലേക്ക് ആണ്.

ശക്തമായ പ്രാർത്ഥന

നാം നമ്മുടെ സ്വാർത്ഥ മോഹങ്ങളെ വെടിഞ്ഞ് പരി ശുദ്ധാത്മാവിന്റെ സ്വാധീ നവും പ്രേരണയും ഉൾ ക്കൊണ്ട് പരിശുദ്ധാത്മാ വിന്റെ നിയന്ത്രണത്തിലായി രിക്കേണം; അവിടുന്ന് നമ്മു ടെ ഉള്ളിൽ തരുന്ന ശക്തി യാൽ, "പരി ശു ദ്ധാ ത്മാ വിൽ" പ്രാർത്ഥിച്ചും, "ബു ദ്ധിയുപദേശിച്ചും, ഉത്സാഹ മുള്ളവരായി, തിടുക്കത്തോ ടും, ഒരിക്കലും ക്ഷീണിച്ചു പോകാതെ പരാജയപ്പെടു ത്തുവാൻ കഴിയാത്ത ശ ക്തിയാൽ ജീവിക്കാം.

അങ്ങനെ പ്രാർത്ഥന ഭൂമിയിൽ ഏറ്റവും ശക്ത മായിരിക്കും; എല്ലാം ദൈവ ത്തിന്. ദൈവമാണ് എല്ലാം ആ നിലയിൽ നമുക്കും പ്രാർത്ഥിക്കാം. അത്തരത്തി ലുള്ള പ്രാർത്ഥനയ്ക്ക് ന മ്മെ പൂർത്തീകരണത്തിലേ ക്കെത്തിക്കാൻ കഴിയും, ദൈ വത്തിന് മാത്രമേ കഴിയൂ. ❖

(6-ാംപേജിന്റെ തുടർച്ച)

ആത്മനിറവിനുള്ള പടികൾ

ത്. തമ്മിൽ തമ്മിൽ അന്വേ ഷിക്കാത്ത നിങ്ങൾ ക്ക് എങ്ങനെ വിശ്വസിപ്പാൻ കഴിയും (യോഹ. 5:44). യാക്കോബ് അതേ ഉറവിടം ഉൾക്കൊണ്ടുകൊണ്ട് പ്രാർ ത്ഥനയുടെ പരാജയത്തി ന്റെ കാരണം അന്വേഷിക്കു കയാണ്. " നിങ്ങൾ യാചി ക്കുന്നതുകൊണ്ട് ഒന്നും ലഭിക്കുന്നില്ല " (യാക്കോ. 4:3). സന്തോഷം നീതിപ രവും വേണ്ടുവോളം പുക ഴ്ച യുള്ള തു മാ ണ്. എ ന്നാൽ തന്റെ പുത്രന്റെ മഹ ത്വം മറ്റൊരുത്തനും ദൈവം കൊടുക്കുകയില്ല, എന്നാൽ പരിശുദ്ധാത്മാവിന്റെ ദൗ ത്യം പുത്രനെ മഹത്വപ്പെടു ത്തുക എന്നതാണ്. ക്രി സ്തീയ പ്രവർത്തനങ്ങൾ ക്ക് മാത്രമാണ് ശക്തിയെ അന്വേഷിക്കുന്നതെങ്കിൽ, നൽകപ്പെടുകയില്ല. ക്രി സ്തുവാണ് പരമാധികാ രിയും മഹത്വവും ലക്ഷ്യവും.

മൂന്നാമതായി സ്വീകരിക്കു ക എന്നതാണ്. ഏകാഗ്രത പൂർണ്ണമാകുമ്പോൾ വിശ്വാ സം ലളിതമായിത്തീരുന്നു. പരിശുദ്ധാത്മാവിനെ പ്രാപി ക്ക എന്നു പറയുമ്പോൾ ആ കല്പനയിൽ എല്ലാം അടങ്ങി യിരിക്കുന്നു " അതുകൊണ്ട് നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ, യാ ചി ക്കു ന്ന തൊ ക്കെയും ലഭിച്ചു എന്നു വിശ്വസിപ്പിൻ; എന്നാൽ അത് നിങ്ങൾക്ക് ഉണ്ടാകും എന്ന് ഞാൻ നിങ്ങ ളോട് പറയുന്നു " (മർക്കോ. 11:24). തന്റെ വചനത്തിൽ ദൈവത്തെ ഏറ്റുകൊള്ളുക.

നാലാമത്തെ പടി തുടർച്ച യായ അനു സ രണത്തിൽ ജീവിതം.

കർത്താവായ യേശുക്രി സ്തു അനുസരണത്തോടെ വിശ്വാസത്തെ തിരിച്ചറിയുന്നു . അപ്പോസ്തല പ്രവർത്തിക ളിൽ അനുസരണമുണ്ടാകു ന്നത് ആത്മാവിനെ സ്വീക രിച്ചു നില നിർത്തു ന്നതു മുഖാന്തരമാണ്. ഈ വസ്തു തയ്ക്കു ഞങ്ങളും ദൈവ ത്തെ അനുസരിക്കുന്നവർക്കു നൽകിയ പരിശുദ്ധാത്മാവും സാക്ഷികളാകുന്നു എന്ന് ഉത്തരം പറഞ്ഞു. (അ.പ്പോ. 5:32). അനുസരണത്തിന്റെ വിശാലതകൾക്കനുസരിച്ചാ യിരിക്കും ആത്മനിറവ് അടി സ്ഥാനപ്പെട്ടിരിക്കുന്നത്. പെ ന്തെക്കോസ്തിൻ അനുഗ്രഹം ഏകദേശം നഷ്ടമായിപ്പോയി, അനുസ,രണം പരാജയപ്പെടു മ്പോൾ ശക്തി കുറയുന്നു. ആത് നി റ വുള്ള ജീവിതം ആത്മാവിനാൽ ഭരിക്കപ്പെടു ന്നു. ദൈവത്താൽ ശക്തമായി ഉപയോഗിക്കപ്പെടുന്നു, കാര ണം ആത്മാവ് അവർക്ക് ഏകാധിപതിയാണ്.

ഞാൻ വീണ്ടും പറയുന്നു, ആത്മാവ് അ സാ ധാ ര ണ മായവരും സാധാരണക്കാരാ യവർക്കുള്ളതാണ്. നൂറ്റിരു പതു പേരടങ്ങുന്ന ഒരു സം ഘം എല്ലാവരും അന്ന് ആത്മാ വിൽ നിറയപ്പെട്ടു. വ്യവസ്ഥ കൾ എല്ലാവർക്കും ഒരു പോ ലെയാണ്. മാനസാന്തരപ്പെടു ക, ചോദിക്കുക, സ്വീകരിക്കു ക, അനുസരിക്കുക. ❖

ആത്മാവിനായും ഉണർവ്വിനായും ഉള്ള പ്രാർത്ഥന

By Mark D Partin

1920 കാലഘട്ടത്തിൽ വടക്കൻ ചൈനയിലെ മിഷനറിമാർ സഭകളുടെ അലസമനോഭാവത്തെയോർത്തു ദു:ഖിക്കുവാനിടയായി. ആളുകൾ ആത്മിക ചിന്താഗതി തീരെ കുറഞ്ഞവരായി കാണപ്പെട്ടു. സഭാ വിശ്വാസികൾ ക്രിസ്ത്യാനിത്വത്തെ ആത്മികമായിട്ടല്ല, ബുദ്ധിപരമായിട്ടാണ് എടുത്തിരിക്കുന്നത് എന്ന കാര്യം മിഷനറിമാരെ അത്ഭുതപ്പെടുത്തി, എന്നാൽ ആത്മികമായി അവർ വീണ്ടും ജനനം പ്രാപിച്ചിട്ടില്ല. ഉണർവ്വിനുവേണ്ടി മാസത്തിലൊരിക്കൽ ഒരു പ്രാർത്ഥന ക്രമീകരിക്കാനിടയായി. 1927 മാർച്ച് മാസത്തിൽ ചൈനയുടെ ഒരിക്കൽ പരിവർത്തനവാദികൾ പ്രവർത്തനങ്ങൾക്ക് കല്പനയിട്ടു. പ്രവർത്തനത്തെ പിൻവലിക്കുവാനുള്ള സാദ്ധ്യതകളെക്കുറിച്ച് ആലോചിക്കുവാൻ. മിഷനറിമാർ ഒരുമിച്ചുകൂടി പ്രവർത്തനം തുടരണമോ വേണ്ടായോ എന്നുള്ളതിനെക്കുറിച്ച് ഒരുകൂടിയാലോചന കഴിച്ചു, അവർ തിരുവചനം ആഴമായി പഠിക്കുവാൻ തുടങ്ങി. അവർ എന്തുകൊണ്ടാണ് ഇങ്ങനെയുള്ള സാഹചര്യം തങ്ങൾക്ക് കടന്നുവന്നത് എന്ന് ദൈവത്തോട് ചോദിക്കുവാനിടയായി. ദൈവം തന്റെ വനചനത്തിലൂടെ അവരോട് സംസാരിച്ചു.

അവരുടെ പ്രാർത്ഥനയിൽ ചേരുവാൻ ഒരു ഇ വാൻജലിക്കൽ ലൂഥറൻ മിഷനറിയായ മേരിമോൻസൻ എന്ന വനിതയോട് ഒരു കൂട്ടം മിഷനറിമാർ ആവശ്യപ്പെട്ടു. വെല്ലുവിളി ഏറ്റെടുക്കുവാൻ അവർ തയ്യാറായി. നോർവേക്കാരിയായിരുന്നു. അവർ ദിവസങ്ങൾ ദൈവസന്നിധിയിൽ ചെലവഴിച്ചു. അവർക്ക് അറിവായ എല്ലാ പാപങ്ങളും അവർ ഏറ്റുപറഞ്ഞു. അവർ പരസ്പരം നിരപ്പു പ്രാപിച്ചു. ദൈവം തന്റെ ജനത്തെ തിരികെ ചേർത്തുകൊള്ളുവാൻ ഇടയായി. മേരി മൂന്ന് ചോദ്യങ്ങൾ അവരോട് ചോദിച്ചു.

1. നിങ്ങൾ ആത്മാവിനാൽ വീണ്ടും ജനിച്ചവരാണോ?
2. നിങ്ങൾ വീണ്ടും ജനിച്ചു എന്നതിന്റെ തെളിവെന്ത്?
3. നിങ്ങൾ ആത്മാവിൽ നിറഞ്ഞവരാണോ?

ആത്മീയ ദാഹം അവരെ ആത്മാക്കളെ നേടുവാൻ കാരണമാക്കി. മിഷനറിമാരിൽ ഒരാളായ സി.എൽ. കൽപ്പെപ്പർ ഇങ്ങനെ ഓർത്തു, "ഞങ്ങൾ ഇതുവരെയും അനുഭവപ്പെട്ടിട്ടില്ലാത്ത, ഇലക്ട്രിക് ഷോക്കുപോലെ ഞങ്ങൾ എന്തിനോവേണ്ടി ഒരുക്കപ്പെട്ടതുപോലെ ഞങ്ങൾക്ക് അനുഭവപ്പെട്ടു. വിശ്വാസികൾ പ്രത്യേകിച്ച് ക്രിസ്തീയ നേതാക്കന്മാർ ഉണർത്തപ്പെട്ടു പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടവരായിത്തീർന്നു. ഒരിക്കൽ ദൈവജനം ദൈവത്തോട് അടുത്തുവരുമാറാക്കി, അ വരെ ചൈനയിലെ ഉണർവ്വിനായി ശാന്തമായി ഉപയോഗിക്കുവാൻ ഇടയായി.

കനേഡിയൻ ഉണർവ്വ്

എനിക്ക് റാഫ് നെയും ലൂസൂത്തേരയെയും വ്യക്തി പരമായി അറിയാം. 1971 -ൽ കാനഡയിലെ ശാകട്ടൂണിലെ റജിന എന്ന സ്ഥലത്ത് വ്യാപരിച്ച ഉണർവ്വിലെ പ്രസംഗകരായിരുന്നു, ഇവർ. റാഫ് -ന്റെ വാക്കുകൾ ശ്രദ്ധിക്കൂ, 190 ആളുകളുമായി തങ്ങൾ സാസ്കട്ടൂൺ -ലെ യോഗം ഞങ്ങൾ ആരംഭിച്ചു. അധിക കാര്യങ്ങളൊന്നും ആ രാത്രിയിൽ സംഭവിച്ചില്ല. രണ്ടാമത്തെ രാത്രിയിൽ കാനഡയിലെ ഉണർവിന് വേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരുന്ന ഒരു സ്ത്രീയെ കരങ്ങളിലെടുത്തു. ദൈവം അവളോട് സംസാരിച്ചു. എങ്ങനെ ഒരു കപട വിശ്വാസിയായിരിപ്പാൻ നിനക്കു കഴിയും? നീ കാനഡയുടെ ഉണർവ്വിനുവേണ്ടി പ്രാർത്ഥിക്കുന്നു. നിനക്ക് നിന്റെ പാസ്റ്ററുടെ ഭാര്യയോട് ചേർന്ന് നില്പാൻ കഴിയുന്നില്ല. അവർ പാസ്റ്ററുടെ ഭാര്യയുമായി കാര്യങ്ങൾ നേരെയാക്കി.

ദൈവം അവളുടെ ഭർത്താവിനോട് സംസാരിച്ചു. നിന്റ സഹോദരൻ എങ്ങനെയുണ്ട്, നിന്റെ സഹോദരനുമായി നീ സംസാരിച്ചിട്ട് രണ്ട് വർഷമായിരിക്കുന്നു. അവർ ഒരുമിച്ച് പാടാൻ തുടങ്ങി, ഇപ്പോൾ ഒരാൾ വേറൊരു സഭയിലാണ് പോകുന്നത്. ഒരു രാത്രിയിൽ പള്ളിയുടെ അടിയിലത്തെ മുറിയിൽ ഒരു സഹോദരൻ കാര്യങ്ങൾ നന്നായി ചെയ്തു, മറ്റൊരുത്തൻ വളരെ പരുക്കൻ ആയി സംസാരിച്ചു, അതെ, കാര്യങ്ങൾ നേരെയാക്കുവാൻ പറ്റിയസമയമിതാണ്, അവർ രണ്ടുപേരും ഒരുമിച്ചു സംസാരിച്ചു, നിരപ്പ് പ്രാപിച്ചു.

ഉണർവ്വ് വന്നെത്തിയിരിക്കുന്നു. ഏഴു ആഴ്ച തുടർന്നു. സഭയിൽ ഉൾക്കൊള്ളുവാൻ കഴിഞ്ഞില്ല. വലിയ സംവിധാനങ്ങൽ ആവശ്യമായി വന്നു. ലോകവ്യാപകമായ പ്രതിഫലങ്ങളുണ്ടായി.

പാപം: പ്രാർത്ഥനാ വിഷയങ്ങൾ

ഭിന്നത് - വെളി. 3:15,16

സഭായോഗങ്ങളെ മുടക്കുന്നത് - എബ്രാ. 10:24,25

ദശാംശം കൊടുക്കാതിരിക്കുക - മലാഖി 3:8-10

കേൾപ്പാൻ മന്ദത -എബ്രാ. 5:11

പ്രാർത്ഥനയില്ലായ്മ - യെശ.64:7

അർത്ഥശൂന്യമായ ആചാരങ്ങൾ - യെശ. 1:11

പ്രാകൃതമായ തീരുമാനങ്ങൾ - യോശുവ. 9:14

ദുഷ്ടചിന്തകൾ - യെശ.31:1

പിന്മാറ്റം - യിരെ. 3:14

മ്ലേച്ഛത - യെഹസ് 16:58

ഈ പാപങ്ങളിൽ ഏതെങ്കിലും ഒന്ന് നിങ്ങളുടെ സഭയെ ബാധിച്ചിട്ടുണ്ടോ? ഇതിനെ ഉപേക്ഷിക്കുവാൻ നിങ്ങളുടെ പ്രാർത്ഥനാവേളയിൽ തയ്യാറാകുമോ?

തിരുവചന പ്രാർത്ഥന

കൃപയുള്ള പിതാവേ, നിന്റെ സാന്നിദ്ധ്യവും നിറവുകളും എന്നിൽ പകരേണമേ. പരിശുദ്ധാത്മാവിന്റെ പുതുക്കം എന്നിൽ പകരേണമേ. എന്റെ സ്വയമെല്ലാം ഞാൻ വിട്ടുകളയുന്നു, എന്നെ നിറയ്ക്കേണമേ. ഉണർവ്വ് എന്നിൽ ആരംഭിക്കട്ടെ. പിതാവേ, നിന്റെ സാന്നിദ്ധ്യത്തിന്റെ ഒരു കവിഞ്ഞൊഴുക്ക് നൽകേണമേ. പെന്തെക്കോസ്തു നാളിലെപ്പോലെ ഒരുമനപ്പെട്ടു കൂടി വരുവാൻ ഞങ്ങളെ പഠിപ്പിക്കേണമേ.

എന്റെ പാപങ്ങളെ എന്നെ കാണിക്കേണമേ. ഏതെങ്കിലും വിധത്തിൽ എന്റെ ബന്ധങ്ങൾ തകർന്നിട്ടുണ്ടെങ്കിൽ എന്നെ കാണിക്കേണമേ. സഭയുടെ ഐക്യം കാക്കുവാൻ എന്നെ പഠിപ്പിക്കേണമേ. എന്റെ സമയം ചെലവഴിക്കുന്നതിൽ ഞാൻ വിശ്വസ്തനാണോ? എന്റെ കൃപയും വരങ്ങളും? എന്റെ ഉറവിടങ്ങൾ? ഞാൻ സഭയിൽ വിശ്വസ്തനാണോ? എന്നെ കാണിക്ക എന്റെ ദൈവമേ.

കർത്താവേ, ശക്തിയുള്ള കാറ്റായി പരിശുദ്ധാത്മാവേ എന്നിൽ വരേണമേ, പെന്തെക്കോസ്തുനാളിൽ വന്നതുപോലെ എന്നിൽ വരേമേ, നിയന്ത്രിക്കണമേ. പരിശുദ്ധാത്മാവില്ലാതെ ഒരു വിശുദ്ധജീവിതം ചെയ്യുവാൻ എനിക്കു കഴികയില്ല. ആത്മാവിനെ എന്നിൽ പകർന്നു ഒരു വലിയ അവബോധം എന്നിൽ തരേണമേ. കാണുവാൻ എന്റെ ആത്മീക കണ്ണുകളെ തുറക്കേണമേ, എന്റെ ആത്മീയ ചെവികളെ തുറക്കേണമേ,

(ശേഷം 10-ാം പേജിൽ)

പരിശുദ്ധാത്മാവിലും പരിശുദ്ധാത്മാവിനു വേണ്ടിയുള്ള പ്രാർത്ഥന

By Jim Cymbala

പരിശുദ്ധാത്മാവ് ഒരു വരമാണ്. പരിശുദ്ധാത്മാവിൽ നാം നിറയപ്പെടേണമെന്ന് ദൈവം ആഗ്രഹിക്കുന്നു. അതിനുവേണ്ടി ഒരു സമയമുണ്ട്. ഉപരിപ്ലവമായ ഒരു കാര്യത്തെക്കുറിച്ചല്ല ഞാൻ സംസാരിക്കുന്നത്. വൻകാര്യങ്ങൾ നിങ്ങൾക്ക് ചെയ്യുവാൻ കഴിയും. അനുതാപത്തോടെ പ്രാർത്ഥിച്ചാൽ അതു നമുക്കു കഴിയും. “ദൈവമേ, പാപം കൂടാതെ ജീവിപ്പാൻ എന്നെ സഹായിക്കേണമേ. എനിക്കു കാണാൻ കഴിയാത്ത പാപങ്ങൾ എനിക്കു ഉണർത്തേണമേ. അത് എന്നെ കാണിക്കേണമേ. എന്റെ ഹൃദയത്തെ തുറക്കേണമേ. ഞങ്ങളുടെ പാപത്തെ അറിയുവാൻ വെളിച്ചം ആവശ്യമില്ല. എന്നാൽ ഞങ്ങൾ ദൈവത്തിന്റെ വാഗ്ദത്തത്തിൽ വിശ്വസിക്കുന്നുവോ? അതോ അതിനു വേണ്ടി നാം സ്വയം ആരായുന്നുണ്ടോ? നിർവ്യാജ ജീവിതം ആവശ്യമാണ്. എന്നാൽ നിർവ്യാജ ജീവിതം മാത്രം പോരാ. അകമേ ചില പൂർണ്ണമായ വ്യത്യാസങ്ങൾ വരുത്തുവാനല്ല പറയുന്നത്.

നാം പരിശുദ്ധാത്മാവിലുള്ള വിശ്വാസത്താലാണോ ജീവിക്കുന്നത്, പരിശുദ്ധാത്മാവിനുവേണ്ടി നാം വിശ്വസിക്കുന്നുവോ? “വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിപ്പാൻ സാദ്ധ്യമല്ല ” (എബ്രാ. 11:6) ഇവിടെയാണ് ആത്മാർത്ഥയ്ക്ക് കോട്ടം വരുന്നത്. പരിശുദ്ധാത്മാവിനെക്കുറിച്ച് ആദ്യ നിയമം യേശു പറഞ്ഞത്, “ നിന്റെ വിശ്വാസം പോലെ നിനക്ക് ഭവിക്കട്ടേ ” (മത്താ. 9:29). ചെറിയ വിശ്വാസം ചെറിയ ദൈവം എന്നാൽ ഞാൻ ആത്മാർത്ഥമായിരിക്കുന്നു. കൊള്ളാം. നിങ്ങൾ ആത്മാർത്ഥതയുള്ള ആളാണ്, എന്നാൽ കുറച്ചു വിശ്വാസമേ ഉള്ളൂ. വലിയ വിശ്വാസം വലിയ ദൈവപ്രവൃത്തി. ഈ തത്വം തന്റെ സ്വന്ത സ്ഥലത്ത് യേശുവിനു വള രെ അത്ഭുതങ്ങൾ ചെയ്യുവാൻ കഴിഞ്ഞില്ല, കാരണം അവരുടെ അവിശ്വാസമാണ്. (മത്താ. 13:58). ഭൂതങ്ങൾ അത്ര പ്രയാസമുള്ളവയായിരുന്നില്ല. രോഗം അത്ര ഭയങ്കരമല്ല. എന്നാൽ അവരുടെ അവിശ്വാസം, പ്രതീക്ഷയില്ലായ്മ അവിടുത്തെ കരത്തെ തടഞ്ഞു. അവിടുന്ന് ദൈവപുത്രനായിരുന്നിട്ടും.

നിങ്ങൾ വിശ്വസിക്കും എങ്കിൽ, ഈ ദിവസങ്ങളിൽ ദൈവപ്രവൃത്തി നടക്കാൻ പോകുന്നു, മുപ്പതുവർഷം കടന്നുപോയി. ആ ദിവസം വന്നു. ഞങ്ങൾ വിശ്വസിപ്പാൻ തുടങ്ങി. സ്വർഗ്ഗം തുറക്കുന്നതു ഞങ്ങൾ കാണും എന്ന് വിശ്വസിച്ചു. ദൈവം ഇറങ്ങി വന്നു. അനേക ആളുകൾ എനിക്കുവേണ്ടി മരിക്കുവാൻ തയ്യാറായി, ഒരു ദൈവപ്രവർത്തിയുടെ പ്രതീക്ഷകളുണ്ടായി, ബ്രൂക്കുലിൻ പ്രാർത്ഥനാകൂടാരത്തിൽ ഇണർവ്വുണ്ടായി. നിങ്ങളുടെ സഭയിൽ ഒരു ഉണർവ്വുണ്ടാകേണ്ടത് ആവശ്യമാണ്. ആ ഉണർവ്വു വന്നില്ല എങ്കിൽ ആരാണ് തെറ്റുകാരൻ? ഇത് ദൈവത്തിന്റെ തെറ്റ് അല്ല.

ദൈവം നമ്മിൽ ഒരു മാറ്റം ആവശ്യപ്പെടുന്നു. അവിടുന്ന് ഇപ്പോൾ നമ്മെ വ്യത്യാസപ്പെടുത്തുവാനാഗ്രഹിക്കുന്നു. കാൽവറിയിൽ ചൊരിഞ്ഞ രക്തത്തിന്റെ ശക്തി ഇന്നു കുറഞ്ഞു പോയിട്ടില്ല. പാപത്തെ വിട്ട് ജീവിക്കുവാൻ എത്രപേർ ആഗ്രഹിക്കുന്നു? യേശുവിനെപ്പോലെയാകുവാൻ മനസുണ്ട്? ദൈവം അതു കാണുന്നില്ലേ? നമുക്കു പ്രാർത്ഥിക്കാം, ഇപ്പോൾ പരിശുദ്ധാത്മാവിനുവേണ്ടി വിശ്വാസമുള്ളവരായിത്തീരാം.

❖

(9-ാംപേജിന്റെ തുടർച്ച)

ആത്മാവിനായും ഉണർവ്വിനായും ഉള്ള പ്രാർത്ഥന

നിന്റെ വചനത്തെ പഠിക്കുവാൻ എന്നെ സഹായിക്കേണമേ. അവിടുന്ന് പരിശുദ്ധാത്മാവിന്റെനിറവുകൾ എന്റെ ജീവിതത്തിൽ പകരേണമേ.

നന്ദി കർത്താവേ, അവിടുന്ന് മഹത്വമുള്ളവൻ, പരിശുദ്ധൻ, അങ്ങയെ സ്തുതിക്കുന്നു. എന്നെ തുടർച്ചയായി നടത്തേണമേ. പ്രാർത്ഥിക്കുവാനുള്ള ഭാരം എനിക്കും തരേണമേ, അങ്ങയെ സാക്ഷിപ്പാനും ആരാധിപ്പാനും എനിക്കു കൃപ നൽകേണമേ. പ്രിയ കർത്താവേ, അവിടുത്തെ ജനത്തിന്മേൽ ഉണർവ്വു അയക്കേണമേ. യേശുവിന്റെ നാമത്തിൽ തന്നെ ആമേൻ.

❖